13
2025
ജൂൺ
വെള്ളി
ഇടവം 30

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.162 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-162 പേജ് 4. വില 2.00 രൂപ




02 ഭൂമി ദേശീയ കോൺക്ലേവ്: ജൂൺ 25ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

03 രാജ്യത്ത് കോവിഡ് കേസുകളിൽ മൂന്ന് മരണം കൂടി

04 തീപിടിച്ച കപ്പൽ നിയന്ത്രണത്തിൽ; പൗഡർ ബോംബുമായി വ്യോമസേന







# എയർ ഇന്ത്യാ വിമാനം തകർന്ന് 241 മരണം

- ഒരാൾ രക്ഷപ്പെട്ടു
- 8 മെഡിക്കൽ വിദ്യാർത്ഥികളും മരിച്ചു മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക്
- ഒരുകോടി രൂപ സഹായധനം; മെഡിക്കൽ കോളേജിന് കെട്ടിടവും

അഹമ്മദാബാദ്: ഗുജറാത്തിലെ അഹമ്മദാബാദ് സർദാർ വല്ലഭായി പട്ടേൽ വിമാനത്താവളത്തിൽ നിന്നും ലണ്ടനിലേക്ക് പുറപ്പെട്ട എയർ ഇന്ത്യയുടെ എഐ 171 വിമാനം പറന്നുയർന്ന ഉടൻ തകർന്നു വീണു. ബോയിങ് 7878 ഡ്രീംലൈനർ വിഭാ?ഗത്തിൽ പെട്ട വിമാനത്തിൽ 230 യാത്രക്കാരും 12 ജീവനക്കാരുമായി 242 യാത്രക്കാരുണ്ടായിരുന്നു. പറന്നുയർന്ന് ഉടൻ താഴേക്ക് പറന്ന വിമാനം വിമാനത്താവളത്തിന് അടുത്തുള്ള മേഘാനി ന?ഗറിലെ ജനവാസ മേഖലയിലാണ് തകർന്നുവീണത്.

ഉച്ചയ്ക്ക് 1.39 നായിരുന്നു വിമാനം അഹമ്മദാബാദിൽനിന്ന് ടേക്ക് ഓഫ് ചെയ്തത്. വിമാനം ടെയ്ക്ക് ഓഫ് ചെയ്ത ഉടൻ പൈലറ്റ് 'മെയ് !ഡേ' അപായ സിഗ്നൽ എയർ ട്രാഫിക് കൺട്രോളിന് കൈമാറിയതായാണ് വിവരം. പിന്നീട് വിമാനവുമായി ആശയവിനിമയം നഷ്ടപ്പെട്ടതായും എടിസി അറിയിച്ചു.

വിമാനം മെഡിക്കൽ കോളേജ് ഹോസ്റ്റലിന് മുകളിൽ വീണത് കാരണം അവിടെയുണ്ടായിരുന്ന 8 വിദ്യാർത്ഥികൾ മരിക്കുകയും 30 ഓളം വിദ്യാർത്ഥികൾക്ക് പരിക്കേൽക്കുകയും ചെയ്തതു.

വിമാനാപകടത്തിന് പിന്നാലെ അഹമ്മദാബാദിലെ സർദാർ വല്ലഭായ് പട്ടേൽ അന്താരാഷ്ട്ര വിമാനത്താവളം അടച്ചു. ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നത് വരെ വിമാനത്താവളത്തിന്റെ പ്രവർത്തനം താത്കാലികമായി നിർത്തിയെന്ന് അധികൃതർ അറിയിച്ചു.

അഹമ്മദാബാദിലെ വിമാനാപകടത്തിൽ ഞെട്ടലും നിരാശയുമെന്ന് കേന്ദ്ര വ്യോമയാന മന്ത്രി റാം മോഹൻ നായിഡു. വ്യോമയാന മന്ത്രാലയം അതീവ ജാഗ്രതയിലാണെന്നും സ്ഥിതിഗതികൾ താൻ നേരിട്ട് നിരീക്ഷിക്കുകയാണെന്നും അദ്ദേഹം എക്സിൽ കുറിച്ചു.

വിമാനാപകടം ഞെട്ടിക്കുന്നതും ഹൃദയഭേദകവുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ദുഃഖകരമായ ഈ സമയത്ത് തന്റെ ചിന്തകൾ ദുരന്തം ബാധിച്ച എല്ലാവരോടൊപ്പവുമാണെന്നും മോദി പറഞ്ഞു. സംഭവത്തിൽ അതിയായ ദുഃഖമുണ്ടെന്നും വിവരണാതീതമായ ദുഃഖത്തിന്റെ ഈ മണിക്കൂറിൽ രാഷ്ട്രം അവർക്കൊപ്പം നിൽക്കുന്നുവെന്നും രാഷ്ട്രപതി ദ്രൗപദി മുർമുവും എക്സിൽ പ്രതികരിച്ചു.

## എംഎസ്സി മാനസ എഫ് വിഴിഞ്ഞം വിടരുത്; കപ്പൽ തടഞ്ഞുവെക്കാൻ ഹൈക്കോടതി നിർദേശം

കൊച്ചി: കൊച്ചി തീരത്തിനടുത്ത് മുങ്ങിയ എൽസ3 കപ്പലിന്റെ ഉടമസ്ഥരായ എംഎസ്സിയുടെ മറ്റൊരു കപ്പൽ തടഞ്ഞുവെക്കാൻ ഹൈക്കോടതിയുടെ നിർദേശം. വിഴിഞ്ഞം തുറമുഖത്ത് നങ്കൂരമിട്ടിരിക്കുന്ന എംഎസ്സിയുടെ മാൻസ എഫ് എന്ന കപ്പൽ തടഞ്ഞുവെക്കാനാണ് കോടതി നിർദേശം നൽകിയിരിക്കുന്നത്.

വിഴിഞ്ഞം തുറമുഖ അധികൃതർക്കാണ് ഇത് സംബന്ധിച്ച് നിർദേശം നൽകിയിരിക്കുന്നത്. കാഷ്യു എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ നൽകിയ ഹർജിയിലാണ് ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്. മുങ്ങിയ കപ്പലായ എൽസയിൽ കശുവണ്ടി ഉണ്ടായിരുന്നു. തങ്ങൾക്ക് ആറു കോടി രൂപയുടെ നഷ്ടം ഉണ്ടായതായാണ് കാഷ്യൂ പ്രമോഷൻ കൗൺസിൽ പറയുന്നത്.

ഈ നഷ്ടം നികത്തണമെന്നാണ് ഇവരുടെ ആവശ്യം. ഈ സാഹചര്യത്തിൽ ആറു കോടി രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് കോടതിയിൽ ഹാജരാക്കിയാൽ കപ്പൽ വിട്ടുനൽകാമെന്നും ഹൈക്കോടതി നിർദേശിച്ചിട്ടുണ്ട്. ഇതോടെ പണം കെട്ടിവെക്കാമെന്ന് എംഎസ്സി കോടതിയെ അറിയിച്ചു. ഉച്ചയ്ക്ക് ശേഷം ബോണ്ട് നൽകാമെന്നാണ് അറിയിച്ചിരിക്കുന്നത്.

എംഎൽഎസി എൽസ കടലിൽ മുങ്ങിയ സംഭവത്തിൽ കർശന നടപടികൾ സ്വീകരിക്കാൻ നേരത്തെ സർക്കാരുകൾക്ക് ഹൈക്കോടതി കർശന നിർദേശം നൽകിയിരുന്നു. കപ്പൽ കമ്പനിക്കെതിരെ നടപടിയെടുക്കുന്നതിൽ ഉപേക്ഷ പാടില്ലെന്ന് വ്യക്തമാക്കിയ ഹൈക്കോടതി ഇതുമായി ബന്ധപ്പെട്ട മലിനീകരണ നിയന്ത്രണത്തിനും മറ്റും പൊതുഖജനാവിൽനിന്ന് പണം ചെലവാക്കുന്നതിനെയും ചോദ്യം ചെയ്തിരുന്നു.

## കേരള തീരത്ത് വീണ്ടും ചരക്കുകപ്പലിൽ തീപ്പിടിത്തം; നിയന്ത്രണവിധേയം

കൊച്ചി : കേരള തീരത്ത് അറബിക്കടലിൽ മറ്റൊരു കപ്പലിനു കൂടി തീ പിടിച്ചു. എന്നാൽ തീ നിയന്ത്രണവിധേയമായെന്നും സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്നും കോസ്റ്റ്ഗാർഡ് അറിയിച്ചു. മലേഷ്യയിലെ പോർട്ട് ക്ലാങ്ങിൽ നിന്ന് മുംബൈയിലെ നവ ഷേവ തുറമുഖത്തേക്ക് വന്ന ഇന്ററേഷ്യ ടെനാസിറ്റി എന്ന കപ്പലിലെ കണ്ടെയ്നറുകളിലൊന്നിലാണ് തീ പിടിച്ചത്. ഇന്നു രാവിലെ 8.40നായിരുന്നു ഇക്കാര്യം കോസ്റ്റ്ഗാർഡിനെ അറിയിക്കുന്നത്. കൊച്ചി തീരത്ത് നിന്ന് 50 നോട്ടിക്കൽ! മൈൽ ദൂരത്തു വച്ചാണ് തീപിടിത്തം ഉണ്ടായതെന്ന് സ്ഥിരീകരിക്കാത്ത റിപ്പോർട്ടുകൾ! പറയുന്നു.

തീപിടിത്തം ഉണ്ടായ വിവരം അറിഞ്ഞ ഉടൻ കോസ്റ്റ്ഗാർഡിന്റെ ഓഫ്ഷോർ കപ്പലായ സാചേതിനെ രക്ഷാദൗത്യത്തിനായി നിയോഗിച്ചു. കോസ്റ്റ്ഗാർഡിന്റെ ഡോണിയർ വിമാനവും നിരീക്ഷണത്തിനായി നിയോഗിച്ചു. എന്നാൽ കപ്പലിലെ തീ നിയന്ത്രണവിധേയമായെന്ന് മാസ്റ്റർ പിന്നീട് കോസ്റ്റ്ഗാർഡിനെ അറിയിക്കുകയായിരുന്നു. കൂടുതൽ സഹായം ആവശ്യമില്ലെന്നും വ്യക്തമാക്കി. കപ്പൽ ഇപ്പോൾ മുംബൈ തീരത്തേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുകയാണെന്നും കപ്പലിനെ സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ടെന്നും കോസ്റ്റ്ഗാർഡ് വ്യക്തമാക്കി.

എൽഇഡി/ലിഥിയം ബാറ്ററികളാണ് കപ്പലിൽ ഉള്ളത് എന്നാണ് വിവരം. ജൂൺ എട്ടിന് പോർട്ട് ക്ലാങ്ങിൽ നിന്ന് പുറപ്പെട്ട് നാളെ മുംബൈയിൽ എത്തേണ്ടതാണ് കപ്പൽ. 20 ദിവസത്തിനു



ള്ളിൽ മൂന്നാമത്തെ കപ്പലിനാണ് കേരള തീരത്ത് വച്ച് തീ പിടിക്കുന്നത്. മേയ് 25ന് ആലപ്പുഴ തോട്ടപ്പിള്ളി സ്പിൽവേയിൽ നിന്ന് 14.6 നോട്ടിക്കൽ മൈൽ അകലെ മുങ്ങിയ എംഎസ്!സി എൽസ 3 കപ്പലിലെ ഇന്ധനമടക്കം നീക്കം ചെയ്യാനുള്ള ജോലികൾ നടന്നുവരികയാണ്. അതിനിടെയാണ്, ഇക്കഴിഞ്ഞ തിങ്കളാഴ്ച, ജൂൺ ഒമ്പതിന് കണ്ണൂർ അഴീക്കൽ തീരത്തു നിന്ന് 44 നോട്ടിക്കൽ മൈൽ അകലെ വച്ച് വാൻഹായ് 503 എന്ന കപ്പലിന് തീ പിടിക്കുന്നത്. കപ്പലിലെ തീ ഇതുവരെ പൂർണമായി അണച്ചു കഴിഞ്ഞിട്ടില്ലെങ്കിലും നിയന്ത്രണവിധേയമാണ്. കപ്പൽ പുറംകടലിലേക്ക് വലിച്ചു കൊണ്ടുപോകാനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടക്കുന്നത്.



# ഭരണനിർവഹണം മെച്ചപ്പെടുത്താൻ നിർമ്മിതബുദ്ധി കേരള എഐ ഇനിഷ്യേറ്റീവ് പദ്ധതി: ശില്പശാല സംഘടിപ്പിച്ച് ഐടി മിഷനും സ്റ്റാർട്ടപ്പ് മിഷനും

തിരുവനന്തപുരം: ഭരണനിർവഹണവും സേവനവിതരണവും മെച്ചപ്പെടുത്തുന്നതിൽ നിർമ്മിതബുദ്ധിയുടെ സാധ്യതകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി സംസ്ഥാന ഐടി മിഷൻ കേരള സ്റ്റാർട്ടപ്പ് മിഷനും ഐസിറ്റി അക്കാദമിയുമായി സഹകരിച്ച് ശില്പശാല സംഘടിപ്പിച്ചു.

ടെക്നോപാർക്കിൽ നടന്ന ശില്പശാല ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക് ഉദ്ഘാടനം ചെയ്തു. കെഎസ്ഐടിഎം ഡയറക്ടർ സന്ദീപ് കുമാർ സ്വാഗതം ആശംസിച്ചു. ഇലക്ട്രോണിക്സ് ആൻറ് ഐടി സ്പെഷ്യൽ സെക്രട്ടറി സീറാം സാംബശിവറാവു, കെഎസ്യുഎം സിഇഒ അനൂപ് അംബിക, ഐസിറ്റി അക്കാദമി സിഇഒ മുരളീധരൻ മണ്ണിങ്ങൽ എന്നിവർ പരിപാടിയിൽ സംസാരിച്ചു.ഭരണ നിർവഹണം മെച്ചപ്പെടുത്തുന്നതിൽ നിർമ്മിതബുദ്ധി ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ചുള്ള അർത്ഥവത്തായ ചർച്ചകൾക്ക് ശില്പശാല വേദിയായി. 'കേരള എഐ ഇനിഷ്യേറ്റീവ് - ദി ഗൈഡിംഗ് ഹാൻഡ് ഓഫ് സ്മാർട്ട് ഗവേണൻസ്' എന്ന വിഷയത്തിലാണ് ശില്പശാല സംഘടിപ്പിച്ചത്. സ്റ്റാർട്ടപ്പുകളിൽ നിന്നുള്ള എഐ സൊലൂഷനുകളെ വിവിധ വകുപ്പുകൾക്ക് പരിചയപ്പെടുത്താൻ ശില്പശാല അവസരമൊരുക്കി.ഭരണ സംവിധാനം കൂടുതൽ സുഗമമാക്കുന്നതിനും വിവിധ വകുപ്പുകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് സ്റ്റാർട്ടപ്പുകളിൽ നിന്ന് സൊല്യൂഷൻ കണ്ടെത്തുന്നതിനും ശില്പശാല സഹായകമായി. ഡാറ്റ വിശകലനം, മാപ്പിംഗ് തുടങ്ങി നിരവധി എഐ അധിഷ്ഠിത പരിഹാരങ്ങൾ ലഭ്യമാക്കാൻ സാധിക്കുന്ന കെഎസ്യുഎം പിന്തുണയുള്ള 21 സ്റ്റാർട്ടപ്പുകളുടെ ആശയാവതരണങ്ങൾക്കാണ് ശില്പശാല വേദിയായത്.ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് ആവശ്യപ്പെട്ടിരുന്ന സാംക്രമിക രോഗങ്ങളുടെ പകർച്ചാ സാധ്യത പ്രവചനം, രോഗനിർണയത്തിനുള്ള എഐ അധിഷ്ഠിത സംവിധാനം എന്നിവയ്ക്കായുള്ള പരിഹാരത്തിനൊപ്പം കൃഷി വകുപ്പിനായി കാർഷികവിളകളെ ബാധിക്കുന്ന കീടങ്ങളേയും രോഗങ്ങളേയും മുൻകൂട്ടി കണ്ടെത്താനുള്ള ഭാവി സാധ്യതയുള്ള പരിഹാരങ്ങളും സ്റ്റാർട്ടപ്പുകൾ അവതരിപ്പിച്ചു. കേരള പോലീസ്, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്, ദേവസ്വം ബോർഡ്, ധനകാര്യ വകുപ്പ്, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, മോട്ടോർ വാഹന വകുപ്പ്, കൃഷി വകുപ്പ്, പൊതുവിദ്യാഭ്യാസം തുടങ്ങിയ വിവിധ വകുപ്പുകളുടെ പ്രതിനിധികൾ ശില്പശാലയുടെ ഭാഗമായി.

എഐ അധിഷ്ഠിത നിയമ സഹായം, നിയമ നിർവഹണത്തിൽ എഐ, എംഎൽ (മെഷീൻ ലേണിംഗ്) എന്നിവയുടെ ഉപയോഗം, തീർത്ഥാടക കേന്ദ്രങ്ങളിലെ ജനക്കൂട്ടത്തെ നിയന്ത്രണം, ബജറ്റ് തയ്യാറാക്കുന്നതുൾപ്പെടെയുള്ള സങ്കീർണമായ പ്രവർത്തനങ്ങളിലെ ഡാറ്റ വിശകലനം, എഐ ഉപയോഗിച്ചുള്ള മൾട്ടി-ഹസാർഡ് സസ്പെൻറ്റിബിലിറ്റി മാപ്പിംഗ്, എഐ പവേർഡ് ഇൻഡസ്ട്രിയൽ സുരക്ഷ, സർക്കാർ സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട വിലയിരുത്തൽ, വിവിധ കൃഷിരീതികളുടെ അനുയോജ്യത തുടങ്ങിയവയിൽ എഐ സാങ്കേതികവിദ്യയുടെ സാധ്യതകൾ ശില്പശാലയിൽ ചർച്ച ചെയ്തു.

സർക്കാർ വകുപ്പുകളിലുടനീളം എഐ സൊല്യൂഷൻസ് സ്വീകരിക്കുന്നത് ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയുള്ള സംരംഭമാണ് കേരള എഐ ഇനിഷ്യേറ്റീവ്. വിവിധ വകുപ്പുകളിലെ ആവശ്യങ്ങളും പ്രശ്നങ്ങളും തിരിച്ചറിയുകയും സ്റ്റാർട്ടപ്പുകൾ വികസിപ്പിച്ചെടുത്ത നൂതന എഐ പരിഹാരങ്ങൾ അവരിലേക്ക് എത്തിക്കുകയും ചെയ്യുന്നതിലൂടെ പൊതുമേഖലയിൽ സാങ്കേതികവിദ്യാധിഷ്ഠിത ഇടപെടലുകൾക്ക് സഹായകമാകുന്ന ഒരു ചലനാത്മക പ്ലാറ്റ് ഫോം കേരള എഐ ഇനിഷ്യേറ്റീവിലൂടെ സാധ്യമാകുന്നു.

സർക്കാർ പ്രതിനിധികളും സ്റ്റാർട്ടപ്പുകളും തമ്മിലുള്ള ആശയവിനിമയത്തിനും ഇതിലൂടെ വഴിയൊരുങ്ങുന്നു. പൊതുഭരണത്തിൽ നവീകരണം,വിശ്വാസ്യത, സുതാര്യത, കാര്യക്ഷമത എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും ഈ സംരംഭത്തിലൂടെ സാധിക്കും. ഈ സംരംഭത്തിൻറെ ആദ്യപടിയെന്ന നിലയിലായിരുന്നു ശില്പശാല സംഘടിപ്പിച്ചത്.കേരള ഐടി മിഷനും സ്റ്റാർട്ടപ്പ് മിഷനും വിവിധ സർക്കാർ വകുപ്പുകളുമായി സഹകരിച്ച് പ്രവർത്തിക്കാനും ഭാവിയിൽ ഇത്തരം സ്റ്റാർട്ടപ്പുകളുടെ സൊല്യൂഷനുകൾ ബിസിനസ് അവസരങ്ങളാക്കി മാറ്റാനും ശില്പശാലയിലൂടെ വഴി തുറന്നു.




**കെഎസ്യുഎം സിഇഒ അനൂപ് അംബിക, കെഎസ്ഐടിഎം ഡയറക്ടർ സന്ദീപ് കുമാർ, ഇലക്ട്രോണിക്സ് ആൻറ് ഐടി സ്പെഷ്യൽ സെക്രട്ടറി സീറാം സാംബശിവറാവു, ഐസിറ്റി അക്കാദമി സിഇഒ മുരളീധരൻ മണ്ണിങ്ങൽ എന്നിവർക്കൊപ്പം ശില്പശാലയിൽ പങ്കെടുത്ത സ്റ്റാർട്ടപ്പ്-സർക്കാർ പ്രതിനിധികൾ.**

# ദിയ കൃഷ്ണയുടെ പരാതി: മുൻകൂർ ജാമ്യാപേക്ഷ നൽകി ജീവനക്കാരികൾ

തിരുവനന്തപുരം: നടൻ കൃഷ്ണകുമാറും മകൾ ദിയ കൃഷ്ണയും നൽകിയ സാമ്പത്തിക തട്ടിപ്പ് കേസിൽ പ്രതികളായ മൂന്നു ജീവനക്കാരികൾ മുൻകൂർ ജാമ്യാപേക്ഷ നല്കി. തിരുവനന്തപുരം ജില്ലാ സെഷൻസ് കോടതിയെയാണ് പ്രതികൾ സമീപിച്ചത്. സാമ്പത്തിക തട്ടിപ്പ് കേസിൽ ദിയയുടെ സ്ഥാപനത്തിലെ ജീവനക്കാരികളുടെ പങ്ക് വ്യക്തമായതോടെ മൂവരും ഒളിവിൽ പോയിരുന്നു.

കൃഷ്ണകുമാറും മകളും തങ്ങളെ ബലമായി തട്ടിക്കൊണ്ട് പോയി പണം തട്ടിയെടുത്തെന്നും ജാതിപ്പേര് വിളിച്ച് അധിക്ഷേപിച്ചെന്നും കാട്ടി ഇവർ പരാതി നൽകിയിരുന്നു. ജീവനക്കാരികളുടെ ആരോപണങ്ങൾ കളവാണെന്നുള്ള തെളിവുകൾ പുറത്ത് വന്നതോടെയാണ് മൂവരും ഒളിവിൽ പോകാൻ കാരണമായത്.

ദിയയുടെ സ്ഥാപനത്തിൽ നിന്നും യുവതികൾ സ്വന്തം ക്യൂആർ കോഡ് ഉപയോഗിച്ച് ബാങ്ക് അക്കൗണ്ട് മുഖേന 66 ലക്ഷത്തോളം രൂപ തട്ടിയെടുത്തെന്നുള്ള സ്റ്റേറ്റ്മെൻറുകളും ഡിജിറ്റൽ തെളിവുകളും പോലീസ് ശേഖരിച്ചു.

ടാക്സ് വെട്ടിക്കാനായി ദിയ പറഞ്ഞതിൻപ്രകാരമാണ് തങ്ങളുടെ അക്കൗണ്ടിലേക്ക് പണം വക മാറ്റിയതെന്നും പിന്നീട് എടിഎം മുഖേന പണം തിരികെ നൽകിയെന്നുമാണ് യുവതികൾ നേരത്തെ പറഞ്ഞിരുന്നത്. എന്നാൽ എടിഎമ്മിൽനിന്നു യുവതികൾ പണം പിൻവലിച്ച് ദിയക്ക് നൽകിയതിന്റെ തെളിവുകൾ ലഭിച്ചിട്ടില്ല. യുവതികൾ വ്യാപകമായി ബന്ധുക്കളുടെ അക്കൗണ്ടുകളിലേക്ക് ഉൾപ്പെടെ പണമിടപാടുകൾ നടത്തിയതായി പോലീസ് കണ്ടെത്തിയിട്ടുണ്ട്.

ദിയയുടെ സ്ഥാപനം നികുതി അടച്ചതിന്റെ രേഖകൾ സമർപ്പിക്കാനും വിശദമായ മൊഴി നൽകാനുമായി ഓഡിറ്ററെ പോലീസ് സ്റ്റേഷനിൽ ഹാജരാകാൻ അന്വേഷണ സംഘം നിർദേശം നൽകിയിട്ടുണ്ട്.

കൃഷ്ണകുമാറും മകളും തങ്ങളെ തട്ടിക്കൊണ്ട് പോയി പണം അപഹരിച്ചെന്നായിരുന്നു യുവതികൾ കൗണ്ടർ കേസ് നൽകിയത്. ഈ കേസിൽ കൃഷ്ണകുമാർ, മകൾ ദിയ എന്നിവർക്കെതിരേ മ്യൂസിയം പോലീസ് ജാമ്യമില്ലാ വകുപ്പ് പ്രകാരം കേസെടുത്തിരുന്നു. കൃഷ്ണകുമാറിന്റെ താമസ സ്ഥലത്തെയും മകളുടെ സ്ഥാപനത്തിലെയും ഓഫീസിലെയും സിസിടിവി ദൃശ്യങ്ങൾ പോലീസ് ശേഖരിച്ചു. എന്നാൽ യുവതികളെ ബലം പ്രയോഗിച്ച് തട്ടിക്കൊണ്ട് പോകുന്ന ദൃശ്യങ്ങൾ ലഭിച്ചില്ല.

രണ്ട് യുവതികൾ കൃഷ്ണകുമാറിന്റെ കാറിൽ സ്വമേധയാ കയറുന്നതിന്റെയും ഒരാൾ സ്വന്തം ടൂവീലറിൽ കാറിന്റെ പിന്നാലെ പോകുന്ന ദൃശ്യങ്ങളുമാണ് പോലീസിന് ലഭിച്ചത്. ഇതെല്ലാം ആരോപണം ഉന്നയിച്ച യുവതികൾക്കെതിരാണ്. തട്ടിക്കൊണ്ടു പോയെന്ന കേസിൽ മുൻകൂർ ജാമ്യത്തിനായി കൃഷ്ണകുമാർ നിയമനടപടികൾ തുടങ്ങി.

# ദിയ കൃഷ്ണയുടെ സ്ഥാപനത്തിലെ സാമ്പത്തിക തട്ടിപ്പ്: കേസ് ഫയലുകൾ ഇന്ന് ക്രൈംബ്രാഞ്ചിന് കൈമാറും

തിരുവനന്തപുരം: നടൻ കൃഷ്ണകുമാറിന്റെ മകൾ ദിയ കൃഷ്ണയുടെ സ്ഥാപനത്തിലെ സാമ്പത്തിക തട്ടിപ്പ് ആരോപണവുമായി ബന്ധപ്പെട്ട കേസ് ഫയലുകൾ ഇന്ന് ക്രൈംബ്രാഞ്ചിന് കൈമാറും. ഡിവൈഎസ്പി ഷാജിക്കാണ് അന്വേഷണ ചുമതല.

വ്യാഴാഴ്ച വൈകുന്നേരമാണ് ഡിജിപി അന്വേഷണം ക്രൈംബ്രാഞ്ചിന് നൽകിക്കൊണ്ട് ഉത്തരവിറക്കിയത്. ലോക്കൽ പോലീസിന്റെ അന്വേഷണം അന്തിമഘട്ടത്തിൽ നിൽക്കവേയാണ് സിറ്റി പോലീസ് കമ്മിഷണറുടെ ശിപാർശ പ്രകാരം അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറിയത്.

അതേസമയം, തട്ടിപ്പ് കേസിൽ പ്രതികളായ ജീവനക്കാരികൾ ഒളിവിലാണ്. വിനീത, ദിവ്യ, രാധാകുമാരി എന്നിവരെ ബുധനാഴ്ചയും കണ്ടെത്താനായില്ലെന്ന് മ്യൂസിയം പോലീസ് വ്യക്തമാക്കി. മൂന്ന് പേരും വീടുകളിലില്ല. മൊബൈൽ ഫോണുകളും സ്വിച്ച് ഓഫ് ചെയ്ത നിലയിലാണ്.

ഇവരിൽ നിന്നു മൊഴിയെടുക്കാൻ പോലീസ് ശ്രമിച്ചിട്ടും നടന്നിട്ടില്ല. കൃഷ്ണകുമാറും മകളും തങ്ങളെ ബലമായി തട്ടിക്കൊണ്ട് പോയി പണം തട്ടിയെടുത്തെന്നും ജാതിപ്പേര് വിളിച്ച് അധിക്ഷേപിച്ചെന്നും കാട്ടി പരാതി നൽകിയ ജീവനക്കാരികളാണ് ഒളിവിൽ പോയിരിക്കുന്നത്. ജീവനക്കാരികളുടെ ആരോപണങ്ങൾ കളവാണെന്നുള്ള തെളിവുകൾ പുറത്ത് വന്നതോടെയാണ് മൂവരും ഒളിവിൽ പോകാൻ കാരണമായത്.

ജീവനക്കാരികളെ പോലീസ് സ്റ്റേഷനിലെത്തിച്ച് മൊഴി രേഖപ്പെടുത്താനുള്ള കാര്യങ്ങൾ ചെയ്യാമെന്ന് ബന്ധുക്കൾ പോലീസിന് ഉറപ്പ് നൽകിയിരിക്കുകയാണ്. ദിയയുടെ സ്ഥാപനത്തിൽ നിന്നും യുവതികൾ സ്വന്തം ക്യൂആർ കോഡ് ഉപയോഗിച്ച് ബാങ്ക് അക്കൗണ്ട് മുഖേന 66 ലക്ഷത്തോളം രൂപ തട്ടിയെടുത്തെന്നുള്ള സ്റ്റേറ്റ്മെൻറുകളും ഡിജിറ്റൽ തെളിവുകളും പോലീസ് ശേഖരിച്ചു.

ടാക്സ് വെട്ടിക്കാനായി ദിയ പറഞ്ഞതിൻപ്രകാരമാണ് തങ്ങളുടെ അക്കൗണ്ടിലേക്ക് പണം വക മാറ്റിയതെന്നും പിന്നീട് എടിഎം മുഖേന പണം തിരികെ നൽകിയെന്നുമാണ് യുവതികൾ നേരത്തെ പറഞ്ഞിരുന്നത്. എന്നാൽ എടിഎമ്മിൽനിന്നു യുവതികൾ പണം പിൻവലിച്ച് ദിയക്ക് നൽകിയതിന്റെ തെളിവുകൾ ലഭിച്ചിട്ടില്ല. യുവതികൾ വ്യാപകമായി ബന്ധുക്കളുടെ അക്കൗണ്ടുകളിലേക്ക് ഉൾപ്പെടെ പണമിടപാടുകൾ നടത്തിയതായി പോലീസ് കണ്ടെത്തിയിട്ടുണ്ട്.

ദിയയുടെ സ്ഥാപനം നികുതി അടച്ചതിന്റെ രേഖകൾ സമർപ്പിക്കാനും വിശദമായ മൊഴി നൽകാനുമായി ഓഡിറ്ററെ പോലീസ് സ്റ്റേഷനിൽ ഹാജരാകാൻ അന്വേഷണ സംഘം നിർദേശം നൽകിയിട്ടുണ്ട്.

കൃഷ്ണകുമാറും മകളും തങ്ങളെ തട്ടിക്കൊണ്ട് പോയി പണം അപഹരിച്ചെന്നായിരുന്നു യുവതികൾ കൗണ്ടർ കേസ് നൽകിയത്. ഈ കേസിൽ കൃഷ്ണകുമാർ, മകൾ ദിയ എന്നിവർക്കെതിരേ മ്യൂസിയം പോലീസ് ജാമ്യമില്ലാ വകുപ്പ് പ്രകാരം കേസെടുത്തിരുന്നു. കൃഷ്ണകുമാറിന്റെ താമസ സ്ഥലത്തെയും മകളുടെ സ്ഥാപനത്തിലെയും ഓഫീസിലെയും സിസിടിവി ദൃശ്യങ്ങൾ പോലീസ് ശേഖരിച്ചു. എന്നാൽ യുവതികളെ ബലം പ്രയോഗിച്ച് തട്ടിക്കൊണ്ട് പോകുന്ന ദൃശ്യങ്ങൾ ലഭിച്ചില്ല.

രണ്ട് യുവതികൾ കൃഷ്ണകുമാറിന്റെ കാറിൽ സ്വമേധയാ കയറുന്നതിന്റെയും ഒരാൾ സ്വന്തം ടൂവീലറിൽ കാറിന്റെ പിന്നാലെ പോകുന്ന ദൃശ്യങ്ങളുമാണ് പോലീസിന് ലഭിച്ചത്. ഇതെല്ലാം ആരോപണം ഉന്നയിച്ച യുവതികൾക്കെതിരാണ്. തട്ടിക്കൊണ്ടു പോയെന്ന കേസിൽ മുൻകൂർ ജാമ്യത്തിനായി കൃഷ്ണകുമാർ നിയമനടപടികൾ തുടങ്ങി.

# ഭൂമി ദേശീയ കോൺക്ലേവ്: ജൂൺ 25ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

സ്മാർട് ലാൻഡ് ഗവേണനൻസ് പ്രമേയമാക്കി കേരള സർക്കാരിന്റെ റവന്യൂ, സർവെ, ഭൂരേഖാ വകുപ്പുകൾ സംയുക്തമായി സംഘടിപ്പിക്കുന്ന ഭൂമി ദേശീയ കോൺക്ലേവ് ജൂൺ 25 മുതൽ 28 വരെ തിരുവനന്തപുരത്ത് നടക്കുമെന്ന് റവന്യൂ മന്ത്രി കെ രാജൻ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ജൂൺ 25ന് തിരുവനന്തപുരത്ത് നിശാഗന്ധി ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ കോൺക്ലേവ് ഉദ്ഘാടനം ചെയ്യും. ജൂൺ 26, 27 ദിവസങ്ങളിൽ കോവളത്തെ ഉദയ് സമുദ്ര ഹോട്ടലിൽ കോൺക്ലേവും 28ന് ഫീൽഡ് സന്ദർശനവും നടക്കും. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള റവന്യൂ വകുപ്പ് മന്ത്രിമാരും റവന്യൂ-സെറ്റിൽമെൻറ് കമ്മിഷണർമാരും സർവെ ഡയറക്ടർമാരും മറ്റ് മുതിർന്ന ഉദ്യോഗസ്ഥരും ഉദ്ഘാടനച്ചടങ്ങിലും കോൺക്ലേവിലും പങ്കെടുക്കും. ഡിജിറ്റൽ സർവെ അതിന്റെ മൂന്നാംഘട്ടത്തിലാണ്. അരുണാചൽ പ്രദേശ്, ചത്തീസ്ഗഢ്, തമിഴ്നാട്, ഹരിയാന, ആന്ധ്രപ്രദേശ്, ഡെൽഹി, ഹിമാചൽപ്രദേശ്, ഗോവ, കർണ്ണാടക, മധ്യപ്രദേശ്, പുതുച്ചേരി, മണിപ്പൂർ, രാജസ്ഥാൻ, മഹാരാഷ്ട്ര, അസം, ഝാർഖണ്ഡ്, നാഗാലാൻറ്, സിക്കിം, തെലങ്കാന, ത്രിപുര, ഉത്താരാഖണ്ഡ്, പശ്ചിമ ബംഗാൾ, ചണ്ഡീഗഢ്, ദാദ്ര നാഗർ ഹവേലി, ദാമൻ ആന്റ് ദിയു, ലഡാക് എന്നീ 26 സംസ്ഥാനങ്ങൾ/കേന്ദ്രഭരണ പ്രദേശങ്ങൾ എന്നിവിടങ്ങളിലെ സർവെ, റവന്യൂ വകുപ്പുകളിലെ മുതിർന്ന ഉദ്യോഗസ്ഥരും മറ്റ് പ്രതിനിധികളുമാണ് പങ്കെടുക്കുന്നത്.കോൺക്ലേവിൽ രണ്ടു ദിവസങ്ങളിലായി ലാന്റ് ഗവേണൻസിലെ ഏറ്റവും പുതിയ സാങ്കേതികവിദ്യകളും അനുഭവങ്ങളും കേരളത്തിന്റെ നേട്ടങ്ങളുടെ വെളിച്ചത്തിൽ വിവിധ സെഷനുകളിലായി പങ്കുവയ്ക്കും. അന്തർദ്ദേശീയ, ദേശീയ തലത്തിൽ ഈ രംഗത്തെ വിദഗ്ദ്ധരും സെഷനുകളിൽ പങ്കെടുക്കും. കേരളത്തിന്റെ 'എന്റെ ഭൂമി' പോർട്ടൽ അടക്കമുള്ള വിപ്ലവാത്മകമായ നേട്ടങ്ങളെ ലോകത്തിനു മുമ്പിലും ദേശീയ തലത്തിലും ഉയർത്തിക്കാട്ടുന്നതോടൊപ്പം രണ്ടാം ഭൂപരിഷ്ക്കരണ മുന്നേറ്റത്തിലേക്ക് സംസ്ഥാനത്തെ നയിക്കുന്ന സാങ്കേതിക, ഭരണ നേട്ടങ്ങളും ചർച്ച ചെയ്യപ്പെടും.

കോൺക്ലേവിനോടൊപ്പം ഉദയ് സമുദ്രയിൽ നടക്കുന്ന ഡിജിറ്റൽ സർവെ എക്സ്പോ ഭൂഭരണ രംഗത്തെ ഏറ്റവും മികച്ച സംവിധാനങ്ങളും രീതികളും മുന്നേറ്റങ്ങളും സാങ്കേതിക മുൻകൈകളും പ്രദർശിപ്പിക്കും. കോൺക്ലേവിന്റെ അവസാനത്തെ ദിവസം വിവിധ ജില്ലകളിൽ നടക്കുന്ന ഫീൽഡ് സന്ദർശനം സംസ്ഥാനത്ത് മൂന്നാം ഘട്ടത്തിലേക്ക് പ്രവേശിച്ച ഡിജിറ്റൽ സർവെ നേരിട്ടു കാണാനും ചാലകശക്തികളായ ഉദ്യോഗസ്ഥരോടും മറ്റ് സ്റ്റേക്ക് ഹോൾഡർമാരോടും സംവദിക്കാനും അങ്ങേയറ്റം പൊതുജന കേന്ദ്രീകൃതമായ ജനകീയ സർവെ നേരിൽകാണാനും അവസരം ഒരുക്കും. എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിയ്ക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യത്തോടെ തുടങ്ങിയ സംസ്ഥാനത്തെ ഡിജിറ്റൽ സർവെ റവന്യൂ, സർവെ, രജിസ്ട്രേഷൻ വകുപ്പുകളെ ഒറ്റ പ്ലാറ്റ്ഫോമിൽ സംയോജിപ്പിച്ച് കാര്യക്ഷമതയുള്ള ഭൂമാനേജ്മെന്റിന് വഴിയൊരുക്കും. ഇതിന്റെ ഭാഗമായി ഇന്ത്യയിലെ തന്നെ ആദ്യത്തെ സമ്പൂർണ ഡിജിറ്റൽ ലാന്റ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം 'എന്റെ ഭൂമി' ഒക്ടോബർ 22ന് തുടങ്ങിയിരുന്നു.

ഡിജിറ്റൽ സർവെ പദ്ധതിയുടെ ഭാഗമായി മൂന്ന് ഘട്ടങ്ങളിലായി 490 വില്ലേജുകളിൽ ഫീൽഡ് സർവെ അരംഭിച്ചു. ഇതിൽ 311 വില്ലേജുകളിൽ ഫീൽഡ് സർവെ പൂർത്തിയാക്കുകയും, 179 വില്ലേജുകളിൽ സർവെ ജോലികൾ ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്. പദ്ധതിയുടെ ഭാഗമായി 53.62 ലക്ഷം ലാന്റ് പാഴ്സലുകളിലായി 7.31 ലക്ഷം ഹെക്ടർ സ്ഥലത്തിന്റെ സർവെ പൂർത്തിയായി കഴിഞ്ഞിട്ടുണ്ടെന്ന് മന്ത്രി വിശദീകരിച്ചു.ഡിജിറ്റൽ റീസർവേ നടപടികളിൽ കേരളത്തെ രാജ്യത്തിന്റെ മാതൃകയായി കണ്ട് നിരവധി സംസ്ഥാനങ്ങളിലെ സർവെ വിഭാഗം ഉദ്യോഗസ്ഥർ ഇവിടെയെത്തി പരിശീലനം നേടിയിരുന്നു. ഇനിയും സംസ്ഥാനങ്ങൾ പരിശീലനത്തിന് അപേക്ഷ നൽകിയിട്ടുണ്ട്.ഡിജിറ്റൽ റീ സർവെ പൂർത്തിയായ വില്ലേജുകളിൽ നവംബർ മാസം മുതൽ ഭൂ സമ്പന്ധമായ വിവരങ്ങൾ അടങ്ങുന്ന ഒരു ഡിജിറ്റൽ റവന്യൂ കാർഡ് പുറത്തിറക്കുകയാണ്. അധികരിച്ച ഭൂമിയുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിന് സഹായിക്കുന്ന സെറ്റിൽമെന്റ് ആക്ട് നടപ്പാക്കാനും സർക്കാർ തീരുമാനിച്ചിരിക്കുകയാണെന്നും മന്ത്രി പറഞ്ഞു.

സുതാര്യവും സാങ്കേതികമികവുള്ളതും ജനകേന്ദ്രീകൃതവുമായ ഭൂമിരേഖാപരിപാലനവും ഭൂവിതരണത്തിൽ സാമൂഹ്യനീതിയും ഉറപ്പു വരുത്താനുള്ള കേരളത്തിന്റെ മികച്ച ശ്രമങ്ങളും നേട്ടങ്ങളും ദേശീയ തലത്തിൽ പങ്കുവയ്ക്കാനുള്ള ഒരു വേദിയാണ് ഭൂമി കോൺക്ലേവ് എന്നും റവന്യൂ മന്ത്രി അറിയിച്ചു.

# അരിപ്പ ഭൂപ്രശ്നം പരിഹരിക്കാനുള്ള നടപടികൾ വേഗത്തിലാക്കാൻ തീരുമാനം

പുനലൂരിലെ അരിപ്പ ഭൂപ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ വേഗത്തിൽ പൂർത്തിയാക്കാൻ റവന്യൂ വകുപ്പ് മന്ത്രി കെ. രാജന്റെ അധ്യക്ഷതയിൽ പി.എസ്. സുപാൽ എംഎൽഎയുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ തീരുമാനമായി.

'ഭൂരഹിതരില്ലാത്ത പുനലൂർ' പദ്ധതിയുടെ ഭാഗമായി, അരിപ്പ സമരഭൂമിയിൽ കുടിൽ കെട്ടി താമസിക്കുന്ന അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികളുടെ തുടർച്ചയായാണ് മന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നത്. യോഗത്തിൽ മന്ത്രി നൽകിയ നിർദേശങ്ങൾ ഭൂസമരവുമായി ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് അവതരിപ്പിക്കും. ധാരണയായാൽ ഒരു മാസത്തിനകം നടപടികൾ പൂർത്തിയാക്കാനാണ് തീരുമാനം.അരിപ്പയിലെ ഭൂപ്രശ്നം പരിഹരിക്കാൻ പട്ടയ മിഷൻ വഴി നേരത്തെ നടപടികൾ ആരംഭിച്ചിരുന്നു. പുനലൂർ താലൂക്കിലെ തിങ്കൾക്കരിക്കം വില്ലേജിൽ 94 ഏക്കർ സർക്കാർ പുറമ്പോക്ക് ഭൂമി, കുത്തകപ്പാട്ട വ്യവസ്ഥ ലംഘിച്ച് കൈവശം വച്ചിരുന്ന തങ്ങൾ കുഞ്ഞ് മുസലിയാരുടെ അവകാശികളിൽ നിന്ന് 1997-ൽ സർക്കാർ തിരിച്ചെടുത്തിരുന്നു. ഇതിൽ 21.54 ഏക്കർ ഭൂമി ചെങ്ങറ ഭൂസമര പുനരധിവാസ പാക്കേജിന്റെ ഭാഗമായി 20 ആദിവാസി കുടുംബങ്ങൾക്ക് ഒരു ഏക്കർ വീതവും, 1.54 ഏക്കർ ഈ കുടുംബങ്ങളുടെ പൊതു ആവശ്യങ്ങൾക്കുമായി മാറ്റിവച്ചു. അവശേഷിക്കുന്ന ഭൂമിയിൽ 2013 ജനുവരി മുതൽ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ ഭൂരഹിതർ കയ്യേറി കുടിൽ കെട്ടി അരിപ്പ ഭൂസമരം ആരംഭിച്ചു.ആദ്യകാല വിവരശേഖരണത്തിൽ 516 കുടുംബങ്ങൾ ഇവിടെ താമസിക്കുന്നതായി കണ്ടെത്തി. ഇതിൽ 336 പട്ടികജാതിക്കാർ, 54 പട്ടികവർഗക്കാർ, 126 മറ്റ് വിഭാഗക്കാർ എന്നിങ്ങനെ ഉണ്ടെന്ന് കണക്കാക്കിയിരുന്നു.നിലവിൽ 297 കൈവശങ്ങൾ മാത്രമാണ് ഉള്ളത്. ഇതിൽ 32 പട്ടികവർഗക്കാർ, 198 പട്ടികജാതിക്കാർ, 67 മറ്റ് വിഭാഗക്കാർ എന്നിങ്ങനെയാണുള്ളത്. കൊല്ലം ജില്ലയിൽനിന്ന് 163, തിരുവനന്തപുരത്തുനിന്ന് 72, കോട്ടയത്തുനിന്ന് 33, പത്തനംതിട്ടയിൽനിന്ന് 22, ആലപ്പുഴ, കണ്ണൂർ, ഇടുക്കി എന്നിവിടങ്ങളിൽനിന്ന് രണ്ടുവീതം, പാലക്കാട്ടുനിന്ന് ഒന്ന് എന്നിങ്ങനെയാണ് കൈവശങ്ങൾ.യോഗത്തിൽ ലാൻഡ് റവന്യൂ ജോയിന്റ് കമ്മിഷണർ എ. ഗീത, കൊല്ലം ജില്ലാ കളക്ടർ എൻ. ദേവീദാസ്, റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി ആർ.എൽ. ഗോപകുമാർ, കൊല്ലം ജില്ലാ ഡെപ്യൂട്ടി കളക്ടർ (എൽആർ) ബീനാ റാണി, കൊല്ലം ലാൻഡ് റവന്യൂ ജൂനിയർ സൂപ്രണ്ട് വിനോദ്, കൊല്ലം ജില്ലാ സർവെ സൂപ്രണ്ട് എ. ഷൈൻ, പുനലൂർ തഹസിൽദാർ അജിത് ജോയി എന്നിവർ പങ്കെടുത്തു.

# മഴക്കാലത്ത് 4451 സ്ഥാപനങ്ങളിൽ ഭക്ഷ്യ സുരക്ഷാ പരിശോധനകൾ

മഴക്കാലത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി 4451 സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. മഴക്കാലത്ത് കച്ചവട സ്ഥാപനങ്ങളിൽ ശുചിത്വമില്ലാത്ത അന്തരീക്ഷത്തിൽ ഭക്ഷണം വിതരണം ചെയ്യുന്നുവെന്ന പരാതികളുടെ അടിസ്ഥാനത്തിൽ ഭക്ഷണത്തിന്റെ സുരക്ഷ ഉറപ്പുവരുത്തുന്നതിനാണ് വകുപ്പിന്റെ നേതൃത്വത്തിൽ പരിശോധനകൾ ശക്തമാക്കിയത്. മേയ് മുതൽ ജൂലൈ വരെ നീണ്ടു നിൽക്കുന്ന ഓപ്പറേഷൻ മൺസൂണിന്റെ ഭാഗമായുള്ള പരിശോധനകൾ തുടരുമെന്നും മന്ത്രി വ്യക്തമാക്കി.

മേയ് രണ്ടിന് ആരംഭിച്ച ഡ്രൈവിനെ തുടർന്ന് ഭക്ഷ്യ സുരക്ഷാ ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ച 80 കടകളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചു. 592 സ്ഥാപനങ്ങൾക്ക് റെക്ടിഫിക്കേഷൻ നോട്ടീസുകളും 433 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസുകളും നൽകി.

തുടർ പരിശോധനകൾക്കായി 1850 സർവൈലൻസ് സാമ്പിളുകളും 1054 സ്റ്റാറ്റിയൂട്ടറി സാമ്പിളുകളും ശേഖരിച്ചു. ഡ്രൈവിന്റെ ഭാഗമായി നൈറ്റ് സ്ക്വാഡും പരിശോധനകൾ നടത്തി. വൈകുന്നേരങ്ങളിൽ സജീവമാകുന്ന കടകൾ കേന്ദ്രീകരിച്ച് 4 മണി മുതൽ 8 മണിവരെയാണ് പരിശോധനകൾ നടത്തിയത്.

ഹോട്ടൽ, റസ്റ്റോറന്റ് എന്നിവയ്ക്ക് പുറമെ ഭക്ഷണ നിർമ്മാണവും വിതരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിലും ഓപ്പറേഷൻ മൺസൂണിന്റെ ഭാഗമായി പരിശോധനകൾ നടത്തുന്നതാണ്. മഴക്കാലത്ത് കടകൾ വൃത്തിഹീനമായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കടുത്ത നടപടി സ്വീകരിക്കുന്നതാണ്. ഭക്ഷണം പാകം ചെയ്യുന്നതും വിതരണവും ചെയ്യുന്നതും ശുചിത്വമുള്ള ചുറ്റുപാടിലായിരിക്കണം. കടകളിൽ ഉപയോഗിക്കുന്ന വെള്ളവും ശുദ്ധമാണെന്ന് ഉറപ്പു വരുത്തണം. പാകം ചെയ്ത ഭക്ഷണം വൃത്തിയുള്ള അന്തരീക്ഷത്തിൽ വേണം സൂക്ഷിക്കാൻ.

# അഹമ്മദാബാദ് ദുരന്തത്തിൽ ഖേദം രേഖപ്പെടുത്തി പ്രധാനമന്ത്രി

അഹമ്മദാബാദ്: വിമാനാപകടത്തിൽ ഖേദം രേഖപ്പെടുത്തി പ്രധാനമന്ത്രി നരേന്ദ്രമോദി. വാക്കുകൾക്കതീതമായ 'ഹൃദയഭേദകം' ആണ് ഈ സംഭവമെന്നും ദുരിതബാധിതരെ സഹായിക്കാൻ പ്രവർത്തിക്കുന്ന മന്ത്രിമാരുമായും അധികാരികളുമായും താൻ ബന്ധപ്പെട്ടുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. 'അഹമ്മദാബാദിലെ ദുരന്തം ഞെട്ടിക്കുകയും ദുഃഖിപ്പിക്കുകയും ചെയ്തു. വാക്കുകൾക്കതീതമായ ഹൃദയഭേദകമായ സംഭവമാണിത്. ഈ മണിക്കൂറിൽ, എന്റെ ചിന്തകൾ ദുരന്തബാധിതരായ എല്ലാവരോടൊപ്പമുമുണ്ട്. ദുരിതബാധിതരെ സഹായിക്കാൻ പ്രവർത്തിക്കുന്ന മന്ത്രിമാരുമായും അധികാരികളുമായും ബന്ധപ്പെട്ടിട്ടുണ്ട്. '- പ്രധാനമന്ത്രി മോദി എക്സിൽ കുറിച്ചു.

വിമാനാപകടം; സർദാർ വല്ലഭായ് പട്ടേൽ അന്താരാഷ്ട്ര വിമാനത്താവളം അടച്ചു

അഹമ്മദാബാദ്: വിമാനാപകടത്തിന് പിന്നാലെ അഹമ്മദാബാദിലെ സർദാർ വല്ലഭായ് പട്ടേൽ അന്താരാഷ്ട്ര വിമാനത്താവളം അടച്ചു. ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നത് വരെ വിമാനത്താവളത്തിന്റെ പ്രവർത്തനം താത്കാലികമായി നിർത്തിയെന്ന് അധികൃതർ അറിയിച്ചു. വിമാനത്താവളത്തിലേക്ക് പോകുന്നതിനു മുമ്പ് യാത്രക്കാർ അതത് എയർലൈനുകളുമായി ബന്ധപ്പെടണമെന്ന് നിർദേശിക്കുന്നു. ഈ പ്രത്യേക സാഹചര്യത്തിൽ യാത്രക്കാരോടു സഹകരണവും ക്ഷമയും അഭ്യർഥിക്കുന്നുവെന്ന് വിമാനത്താവളം പുറത്തിറക്കിയ പ്രസ്താവനയിൽ പറഞ്ഞു. കൂടുതൽ വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുമെന്നും അധികൃതർ അറിയിച്ചു.

അഹമ്മദാബാദിൽ നിന്നും ലണ്ടനിലേക്ക് പുറപ്പെട്ട എയർ ഇന്ത്യ ബോയിംഗ് 787 ഡ്രീംലൈനർ വിമാനമാണ് അപകടത്തിൽപ്പെട്ടത്. വിമാനത്തിൽ 242 യാത്രക്കാർ ഉണ്ടായിരുന്നെന്നാണ് വിവരം. ഇന്ന് ഉച്ചയ്ക്ക് 1: 10നാണ് അപകടം. ടേക്ക് ഓഫിനിടെ മരത്തിൽ ഇടിച്ച ശേഷം തകർന്നുവീഴുകയായിരുന്നെന്നാണ് സൂചന. സ്ഥലത്ത് രക്ഷാപ്രവർത്തനം തുടരുകയാണ്.

# രാജ്യത്ത് കോവിഡ് കേസുകളിൽ നേരിയ വർധന; മൂന്ന് മരണം കൂടി

ന്യൂഡൽഹി: രാജ്യത്ത് കോവിഡ് കേസുകളിൽ നേരിയ വർധന. 24 മണിക്കൂറിനിടെ 33 കേസുകളാണ് റിപ്പോർട്ട് ചെയ്തത്. ഇതോടെ, രാജ്യത്തെ സജീവ കേസുകളുടെ എണ്ണം 7,154 ആയി. കഴിഞ്ഞ 24 മണിക്കൂറിനിടെ രാജ്യത്ത് മൂന്ന് കോവിഡ് മരണങ്ങൾ സ്ഥിരീകരിച്ചു. മഹാരാഷ്ട്രയിൽ രണ്ടു മരണവും മധ്യപ്രദേശിൽ ഒരു മരണവുമാണ് റിപ്പോർട്ട് ചെയ്തത്. കേരളത്തിൽ 2,165 സജീവ കേസുകളാണുള്ളത്. അതേസമയം, പ്രായമായവരിലും മറ്റ് അനുബന്ധ രോഗമുള്ളവരിലും കോവിഡ് ഗുരുതരമാകുന്നു എന്നതിനാൽ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് പറഞ്ഞിരുന്നു. പൊതു ഇടങ്ങളിലും യാത്രകളിലും മാസ്ക് ധരിക്കണം. കോവിഡ് വകഭേദം അറിയാനുള്ള ജിനോമിക് സീക്വൻസിംഗ് നടത്തിവരുന്നു. ദക്ഷിണ പൂർവേഷ്യൻ രാജ്യങ്ങളിൽ പകരുന്ന ഒമിക്രോൺ ജെഎൻ 1 വകഭേദങ്ങളായ എൽഎഫ് 7,എക്സ്എഫ്ജി ആണ് കേരളത്തിൽ കൂടുതലായി കണ്ടുവരുന്നത്. ഈ വകഭേദങ്ങൾക്ക് തീവ്രത കൂടുതലല്ലെങ്കിലും രോഗവ്യാപനശേഷി കൂടുതലാണ്. രോഗലക്ഷണമുള്ളവർക്ക് കോവിഡ് പരിശോധന നടത്താനും ഓക്സിജൻ ലഭ്യത ഉറപ്പാക്കാനും എല്ലാ ആശുപത്രികൾക്കും നിർദേശം നൽകിയിട്ടുണ്ട്. സ്റ്റേറ്റ് ലെവൽ റാപ്പിഡ് റെസ്പോൺസ് ടീം യോഗം ചേർന്ന് സംസ്ഥാനത്തെ സ്ഥിതി വിലയിരുത്തി. കോവിഡ് കാരണം അനാവശ്യമായി രോഗികളെ സ്വകാര്യ ആശുപത്രികൾ റഫർ ചെയ്യരുതെന്നും നിർദേശം നൽകി.

## അഹമ്മദാബാദിലെ വിമാന ദുരന്തം; അമിത്ഷാ അപകടസ്ഥലത്തേക്ക്

അഹമ്മദാബാദ്: കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ ഗുജറാത്തിലെ അഹമ്മദാബാദിൽ വിമാനാപകടം ഉണ്ടായ സ്ഥലത്തേക്ക് തിരിച്ചു. വ്യോമയാനമന്ത്രി റാം മോഹൻ നായിഡുവും ഉടൻ ഇവിടെയെത്തും. പ്രധാനമന്ത്രി നരേന്ദ്രമോദി റാം മോഹൻ നായിഡുവുമായും അമിത്ഷായുമായും ഫോണിൽ സംസാരിച്ച് സ്ഥിതിഗതികൾ വിലയിരുത്തി. അപകടത്തിൽ 110 പേർ മരിച്ചതായി അധികൃതർ സ്ഥിരീകരിച്ചു. മരണസംഖ്യ ഇനിയും ഉയർന്നേക്കുമെന്ന് ആശങ്കയുണ്ട്. വിമാനത്തിൽ ഉണ്ടായിരുന്ന ഗുജറാത്ത് മുൻ മുഖ്യമന്ത്രി വിജയ് രൂപാണിയുടെ നില അതീവ ഗുരുതരമാണെന്നാണ് വിവരം. ഇന്ന് ഉച്ചയ്ക്ക് 1: 38ന് അഹമ്മദാബാദ് വിമാനത്താവളത്തിന് സമീപമായിരുന്നു അപകടം. പറന്നുയർന്ന് മിനിറ്റുകൾക്കുള്ളിൽ വിമാനം തകർന്നുവീഴുകയായിരുന്നു.

## അഹമ്മദാബാദിലെ വിമാനാപകടം; രക്ഷാപ്രവർത്തനത്തിന് എൻഡിആർഎഫ് സംഘമെത്തി

അഹമ്മദാബാദ്: ഗുജറാത്തിലെ അഹമ്മദാബാദ് വിമാനത്താവളത്തിന് സമീപം യാത്രാവിമാനം തകർന്നുവീണ സ്ഥലത്ത് രക്ഷാപ്രവർത്തനത്തിന് എൻഡിആർഎഫ് സംഘമെത്തി. 270 അംഗ എൻഡിആർഎഫ് സംഘമാണ് രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകുന്നത്.

അർധസൈനിക വിഭാഗങ്ങളും ഉടൻ സ്ഥലത്തെത്തും. ലണ്ടനിലേക്ക് പുറപ്പെട്ട എയർ ഇന്ത്യ ബോയിംഗ് 787 ഡ്രീം ലൈനർ വിമാനമാണ് അപകടത്തിൽപ്പെട്ടത്. വിമാനത്തിൽ 242 യാത്രക്കാർ ഉണ്ടായിരുന്നെന്നാണ് വിവരം. ജനവാസ മേഖലയിലാണ് വിമാനം തകർന്നുവീണത്. ഇന്ന് ഉച്ചയ്ക്ക് 1: 38നാണ് അപകടം. ടേക്ക് ഓഫിനിടെ മരത്തിൽ ഇടിച്ച ശേഷം തകർന്നുവീഴുകയായിരുന്നെന്നാണ് സൂചന. സ്ഥലത്ത് രക്ഷാപ്രവർത്തനം തുടരുകയാണ്.

## അതീതീവ്ര മഴ: ജില്ലകളിൽ റെഡ് അലർട്ട്

കേരളത്തിൽ അതിതീവ്ര മഴയ്ക്ക് സാധ്യതയുള്ളതിനാൽ 14 ന് കണ്ണൂർ, കാസറഗോഡ്, 15ന് മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ്, 16ന് മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് റെഡ് അലർട്ട് പ്രഖ്യാപിച്ചു.

12ന് കണ്ണൂർ, കാസർഗോഡ്, 13ന് കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്, 14ന് ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം കോഴിക്കോട്, വയനാട്, 15ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, 16ന് പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഓറഞ്ച് അലർട്ടും 12ന് കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, 13ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, 14ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, 16ന് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ മഞ്ഞ അലർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്.

അതിതീവ്ര മഴ സാഹചര്യത്തിൽ പൊതുജനങ്ങളും സർക്കാർ സംവിധാനങ്ങളും അതീവ ജാഗ്രത പാലിക്കണം. ♦

## ബംഗളൂരു ദുരന്തം: സിദ്ധരാമയ്യയും ശിവകുമാറും രാജിവയ്ക്കണമെന്ന ആവശ്യം നിരാകരിച്ച് ഖാർഗെ

കലബുർഗി: 11 പേരുടെ മരണത്തിനിടയാക്കിയ ബംഗളൂരു ദുരന്തത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യയും ഉപമുഖ്യമന്ത്രി ഡി.കെ. ശിവകുമാറും രാജിവയ്ക്കണമെന്ന ആവശ്യം കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ തള്ളി.

കുംഭമേളയുമായി ബന്ധപ്പെട്ടുണ്ടായ തിരക്കിൽപെട്ട് ജനങ്ങൾ കൊല്ലപ്പെട്ടപ്പോൾ ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് രാജി വച്ചിരുന്നോയെന്നും അദ്ദേഹം മാധ്യമങ്ങളോട് ചോദിച്ചു. സംഭവിച്ചതിൽ വേദനയുണ്ടെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണെന്നും ഖാർഗെ പറഞ്ഞു. "കുംഭമേളയിൽ മാത്രമല്ല, കോവിഡ് കാലത്തും ജീവനുകൾ നഷ്ടപ്പെട്ടിട്ടുണ്ട്. മനഃപൂർവമാണ് സംഭവിച്ചതെങ്കിൽ മനസിലാക്കാം.

## കാമുകനുമായി ബന്ധം തുടരണം; ഭർത്താവിനും മക്കൾക്കും ഭക്ഷണത്തിൽ ഗുളിക കലർത്തി കൊടുത്ത യുവതി അറസ്റ്റിൽ

ബംഗളൂരു: കാമുകനുമായുള്ള ബന്ധം തുടരാനായി ഭർത്താവിനും മക്കൾക്കും ഭർതൃമാതാവിനും ഭക്ഷണത്തിൽ ഗുളിക കലർത്തി നൽകി കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ യുവതി അറസ്റ്റിൽ.

കർണാടകയിലെ ഹാസൻ ജില്ലയിലാണ് സംഭവം. ബേലൂർ താലൂക്കിലെ കെരളൂരു ഗ്രാമത്തിൽ നിന്നുള്ള ചൈത്ര എന്ന യുവതിയാണ് അറസ്റ്റിലായത്.

11 വർഷം മുൻപാണ് ഗജേന്ദ്രയുമായി ചൈത്രയുടെ വിവാഹം നടന്നത്. ഈ ബന്ധത്തിൽ ഇരുവർക്കും എട്ടും പത്തും വയസുള്ള രണ്ട് മക്കളുണ്ട്.

ചൈത്രയ്ക്ക് നേരത്തെ ഗ്രാമത്തിലെ പുനീത് എന്ന യുവാവുമായി ബന്ധമുണ്ടായിരുന്നു. നാട്ടിലെ മുതിർന്നവരും ബന്ധുക്കളും ഇടപെട്ട് ഈ പ്രശ്നം പരിഹരിച്ചിരുന്നു. എന്നാൽ കഴിഞ്ഞ വർഷം ഇവർ ശിവു എന്ന മറ്റൊരു പുരുഷനുമായി ബന്ധത്തിലായി.

തന്റെ ഈ പ്രണയബന്ധത്തിന് കുടുംബം തടസമാകുമെന്ന് ഭയന്നാണ് യുവതി അവരെ ഇല്ലാതാക്കാൻ ശ്രമിച്ചതെന്ന് പോലീസ് പറയുന്നു. ഭർത്താവും ഭർതൃമാതാവും കുട്ടികളും കഴിച്ച ഭക്ഷണത്തിനും കാപ്പിയിലുമാണ് ഇവർ വിഷം കലർത്തിയത്.

ഭക്ഷണം കഴിച്ച ഭർത്താവിനും കുട്ടികൾക്കും കടുത്ത വയറുവേദനയുണ്ടായി. ആശുപത്രിയിൽ പ്രവേശിപ്പിച്ചപ്പോൾ ആദ്യം ഭക്ഷ്യവിഷബാധയാണ് എന്നായിരുന്നു സംശയിച്ചത്.

സംഭവത്തിൽ സംശയം തോന്നിയ ഗജേന്ദ്ര ബേലൂർ പോലീസ് സ്റ്റേഷനിൽ പരാതി നൽകി. തുടർന്ന് പോലീസ് നടത്തിയ അന്വേഷണത്തിൽ ചൈത്ര മനഃപൂർവ്വം ഭക്ഷണത്തിൽ വിഷം കലർത്തിയതാണ് എന്ന് തെളിഞ്ഞു.

യുവതിയെ പോലീസ് കസ്റ്റഡിയിലെടുത്തു. അതേസമയം, അവരുടെ കാമുകൻ ശിവു ഒളിവിലാണ്.

## സുഹൃത്തുക്കൾക്കൊപ്പം മീൻ പിടിക്കാൻ പോയ യുവാവിനെ മുതല കടിച്ചുകൊന്നു; സംഭവം മഹാരാഷ്ട്രയിൽ

മുംബൈ: മഹാരാഷ്ട്രയിൽ സുഹൃത്തുക്കൾക്കൊപ്പം മീൻ പിടിക്കാൻ പോയ യുവാവിനെ മുതല കടിച്ചുകൊന്നു. മഹാരാഷ്ട്ര-ഛത്തീസ്ഗഡ് അതിർത്തിക്കടുത്തുള്ള സിറോൺച്ച ജില്ലയിലെ ഇന്ദ്രാവതി നദിയിലായിരുന്നു സംഭവം.

ഛത്തീസ്ഗഡിലെ ബിജാപൂർ ജില്ലയിലെ അട്ടുക്പള്ളി സ്വദേശി സമിത് അംബാല (22) യാണ് മുതലയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടത്. ജൂൺ ഏഴിനായിരുന്നു സംഭവം.

പതിവുപോലെ സുഹൃത്തുക്കൾക്കൊപ്പം സമിത് നദിക്കരയിലേക്ക് മീൻപിടിക്കാനായി പോയതായിരുന്നു. നദിയിലേക്ക് വല എറിയുന്നതിനിടെ അപ്രതീക്ഷിതമായി മുതലയുടെ ആക്രമണമുണ്ടാവുകയായിരുന്നു. മുതല യുവാവിന്റെ വലതുകാലിൽ കടിച്ച് വെള്ളത്തിലേക്ക് വലിച്ചുകൊണ്ടുപോവുകയായിരുന്നു. സുഹൃത്തുക്കൾ നിലവിളിച്ച് ആളുകളെ കൂട്ടുകയും ഉടൻ തന്നെ രക്ഷാപ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

അപ്പോഴേക്കും മുതല യുവാവിനെ നദിയുടെ ആഴത്തിലേക്ക് വലിച്ചുകൊണ്ടുപോയിക്കഴിഞ്ഞിരുന്നു.

വിവരമറിഞ്ഞ് ജനങ്ങൾ പ്രദേശത്ത് തടിച്ചുകൂടി. തിരച്ചിൽ മണിക്കൂറുകളോളം നീണ്ടു. എന്നാൽ മൂന്നുമണിക്കൂർ നീണ്ട തിരച്ചിലിനൊടുവിൽ ലഭിച്ചത് സംപിതിന്റെ മൃതദേഹമായിരുന്നു. മുതലയുടെ ആക്രമണത്തിൽ യുവാവിന്റെ വലതുകാൽ ഒടിഞ്ഞ നിലയിലായിരുന്നു.

## ആസാം സ്വദേശിയെ ഉത്തരാഖണ്ഡിൽ മരിച്ച നിലയിൽ കണ്ടെത്തി

ഉത്തരാഖണ്ഡ്: അസം സ്വദേശിയായ യുവതിയെ ഉത്തരാഖണ്ഡിൽ മരിച്ച നിലയിൽ കണ്ടെത്തി. ജൂൺ അഞ്ചിന് കാണാതായ റോഷ്മിത എന്ന 26 കാരിയെയാണ് ഉത്തരാഖണ്ഡിലെ ഋഷികേശിലെ ഒരു നദിയിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. മുങ്ങിമരണമാണെന്ന് സംശയിക്കുന്നതായി പോലീസ് പറഞ്ഞു. റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡിന്റെ (ആർആർബി) പരീക്ഷ എഴുതാൻ വേണ്ടി ഡൽഹിയിലേക്കുള്ള യാത്രയുടെ ഒരുക്കത്തിലായിരുന്നു മരിച്ച റോഷ്മിത എന്നാണ് പോലീസ് പറയുന്നത്. എന്നാൽ ജൂൺ അഞ്ചിന് വീട്ടിലേക്ക് ഫോൺ ചെയ്ത് യുവതി പറഞ്ഞത് തിരിച്ച് ആസാമിലേക്ക് മടങ്ങുന്നു എന്നാണ്. പിന്നീട് റോഷിതയെ ബന്ധപ്പെടാൻ സാധിച്ചിട്ടില്ലെന്നും തുടർന്ന് പോലീസിൽ പരാതി നൽകിയെന്നുമാണ് കുടുംബം പറയുന്നത്. ഫോണിൽ റോഷിതയെ ബന്ധപ്പെടാൻ സാധിക്കാത്തതിനെ തുടർന്ന് വീട്ടുകാർ പോലീസിൽ പരാതി നൽകിയിരുന്നു. അന്വേഷണത്തിന്റെ ഭാഗമായി ഡൽഹി സ്വദേശിയായ ഹേമന്ത് ശർമ, ഹരിയാന സ്വദേശിയായ പങ്കജ് കോക്കർ എന്നീ രണ്ടുപേരെ പോലീസ് കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്.

## 'ഞാൻ ചെയ്യാൻ പോകുന്നതിന് എന്നോട് ക്ഷമിക്കൂ'; കൂട്ടക്കൊലയ്ക്ക് മുൻപ് മാപ്പ്

വിയന്ന: ഓസ്ട്രിയയിലെ സ്കൂളിൽ 10 പേരെ കൊലപ്പെടുത്തിയ 21 വയസുകാരൻ കൃത്യം നടത്തുന്നതിന് മുൻപ് മാപ്പ് ചോദിച്ചതായി റിപ്പോർട്ട്.ആർതർ എ എന്ന മുൻ വിദ്യാർഥിയാണ് സ്കൂളിലെത്തി വിദ്യാർഥികളെ കൊലപ്പെടുത്തിയ ശേഷം സ്വയം ജീവനൊടുക്കിയത്. ആർതർ ഒരു പൂച്ചയെ എടുത്തു കൊണ്ട് നിൽക്കുന്ന ചിത്രം ഇപ്പോൾ പുറത്തുവന്നിട്ടുണ്ട്.

കൃത്യം നടന്ന ശേഷം ഇതാദ്യമായിട്ടാണ് ആർതറിന്റെ ചിത്രം പുറത്തുവരുന്നത്. ആക്രമണത്തിൽ ഗുരുതരമായ പരുക്കേറ്റ വിദ്യാർഥികൾ ഇപ്പോഴും ചികിത്സയിൽ തുടരുകയാണ്.

ഷോട്ട് ഗണും പിസ്റ്റളുമാണ് പ്രതി കൃത്യം നടത്താൻ ഉപയോഗിച്ചത്. രണ്ട് ആയുധങ്ങൾക്കും ആർതറിന് ലൈസൻസിനുണ്ടായിരുന്നതായി പോലീസ് കണ്ടെത്തിയിട്ടുണ്ട്.

കൃത്യം നടത്തുന്ന നിമിഷങ്ങൾക്ക് മുൻപ് ആർതർ അമ്മയ്ക്ക് വിഡിയോ സന്ദേശം അയച്ചിരുന്നു. 'ഞാൻ ചെയ്യാൻ പോകുന്നതിന് എന്നോട് ക്ഷമിക്കൂ' എന്നായിരുന്നു വിഡിയോ സന്ദേശം. സന്ദേശം ലഭിച്ച് 24 മിനിറ്റിന് ശേഷമാണ് അമ്മ അത് കാണുന്നത്. ഉടൻ തന്നെ അമ്മ വിവരം പോലീസിനെ അറിയിച്ചെങ്കിലും ഇതിനകം ആർതർ ആക്രമണം നടത്തിക്കഴിഞ്ഞിരുന്നു. സ്കൂളിൽ വച്ച് നേരിട്ട പരിഹാസങ്ങളാണ് ആർതറിനെ കൃത്യം നടത്താൻ പ്രേരിപ്പിച്ചതെന്നാണ് വിവരം. തന്റെ പൂച്ചയെ നോക്കണമെന്നും ആർതർ എഴുതി വെച്ചിരുന്നത് പോലീസ് കണ്ടെത്തിയിട്ടുണ്ട്. ആക്രമണത്തിൽ കൊല്ലപ്പെട്ടത് ആറ് പെൺകുട്ടികളും മൂന്ന് ആൺകുട്ടികളുമാണ്. ഒരാൾ പ്രായപൂർത്തിയായ സ്ത്രീയാണെന്നാണ് സൂചന. ആർതർ ശുചിമുറിയിൽ സ്വയം വെടിവെച്ചാണ് ജീവനൊടുക്കിയത്. ഈ സ്കൂളിൽ നിന്ന് പാതിവഴിയിൽ പഠനം നിർത്തിയ പോയ വിദ്യാർഥിയായിരുന്നു ആർതർ.

## ഒഡീഷയിൽ ഇൻറേൺഷിപ്പിന് പോയ മലയാളി വിദ്യാർഥികൾക്കുനേരെ ആക്രമണം; ഫോണും പഴ്സും കൊള്ളയടിച്ചു

തൃശൂർ: മലയാളി എൻജിനീയറിംഗ് വിദ്യാർഥികൾ ഒഡീഷയിൽ ആക്രമിക്കപ്പെട്ടതായി പരാതി. തൃശൂർ ഗവൺമെൻറ് എൻജിനീയറിംഗ് കോളജിൽനിന്ന് ഇൻറേൺഷിപ്പിന്റെ ഭാഗമായി ഒഡീഷയിലെ സർക്കാർ സ്ഥാപനത്തിലേക്കു പോയ നാല് വിദ്യാർഥികളാണ് ആക്രമിക്കപ്പെട്ടത്. ഇവരുടെ ഫോണും പഴ്സുമുൾപ്പെടെ അക്രമിസംഘം കൊള്ളയടിച്ചതായി വിദ്യാർഥികൾ ഒഡീഷ പോലീസിൽ നൽകിയ പരാതിയിൽ പറയുന്നു. ആദ്യ വർഷ എം. ടെക് പവർ സിസ്റ്റം വിദ്യാർഥികളാണ് ആക്രമിക്കപ്പെട്ടത്. അക്രമത്തിൽ പരിക്കുണ്ടെങ്കിലും എല്ലാവരും ആശുപത്രിയിൽനിന്നു ഡിസ്ചാർജ് ആയി. കഴിഞ്ഞ ആഴ്ചയിലാണ് വിദ്യാർഥികൾ തൃശൂരിൽനിന്ന് ഒഡീഷയിൽ എത്തിയത്. ഇൻറേൺഷിപ്പ് പൂർത്തിയാക്കിയ ഇവർ മടങ്ങുന്നതിനു മുന്പായി ഞായറാഴ്ച പുട്ടുടി വെള്ളച്ചാട്ടം കാണാൻ പോയിരുന്നു. അവിടെനിന്ന് മടങ്ങും വഴിയാണ് ആക്രമിക്കപ്പെട്ടത്. തടയാൻ ശ്രമിച്ചവരിൽ ഒരാൾക്ക് തലയ്ക്കും കൈയ്ക്കും പരിക്കുണ്ട്. ഇവർ സഞ്ചരിച്ചിരുന്ന വാഹനത്തിന്റെ ഡ്രൈവർക്കും പരിക്കേറ്റതായെന്നാണ് വിവരം. വിവരമറിഞ്ഞ് സ്ഥലത്തെത്തിയ പോലീസാണ് വിദ്യാർഥികളെ ആശുപത്രിയിൽ എത്തിച്ചത്. ആരുടെയും പരിക്ക് സാരമുള്ളതല്ല. സംഘത്തിലെ മൂന്നുപേരുടെയും ഫോണുകളും കവർന്നു. ഫോൺ നഷ്ടപ്പെടാത്ത വിദ്യാർഥിയുടെ മൊബൈലിൽനിന്നാണ് നാട്ടിലേക്ക് വിവരങ്ങൾ അറിയിച്ചത്. ബിയർ ബോട്ടിലും മാരകായുധങ്ങളും ഉപയോഗിച്ചായിരുന്നു ആക്രമണം. ഇവരുടെ ബന്ധുക്കൾ വിവരമറിഞ്ഞ് ഒഡീഷയിൽ എത്തിയിട്ടുണ്ട്. അടുത്തദിവസംതന്നെ ഇവർ നാട്ടിലേക്ക് തിരിക്കും.

## ബാബാ സിദ്ദിഖി വധം; മുഖ്യപ്രതി വ്യാജ പാസ്പോർട്ട് കേസിൽ കാനഡയിൽ പിടിയിൽ

മുംബൈ: എൻസിപി നേതാവ് ബാബ സിദ്ദിഖി കൊലക്കേസിലെ മുഖ്യപ്രതി കാനഡയിൽ അറസ്റ്റിൽ. കേസിൽ ഗൂഢാലോചന നടത്തിയ സീഷാൻ അക്തർ എന്നയാളെ കാനഡയിൽ പിടികൂടിയതായി മഹാരാഷ്ട്ര ആഭ്യന്തര സഹമന്ത്രി യോഗേഷ് കദം അറിയിച്ചു. 'കൊലപാതകക്കേസിൽ ഉൾപ്പെട്ട സീഷനെ കാനഡയിൽ അറസ്റ്റ് ചെയ്തു. അദ്ദേഹത്തെ ഇന്ത്യയിലേക്ക് തിരികെ കൊണ്ടുവരാനുള്ള നടപടികൾ ഞങ്ങൾ ആരംഭിച്ചിട്ടുണ്ട്. അദ്ദേഹത്തെ തിരികെ കൊണ്ടുവന്നതിന് ശേഷം കൂടുതൽ ചോദ്യം ചെയ്യും.' കദം പിടിഐയോടു പറഞ്ഞു. വ്യാജ പാസ്പോർട്ട് കേസിലാണ് അക്തർ (22) അറസ്റ്റിലായത്. ജയിലിൽ കഴിയുന്ന കുപ്രസിദ്ധ ഗുണ്ടാനേതാവ് ലോറൻസ് ബിഷ്ണോയിയുടെ സഹോദരൻ അൻമോൾ ബിഷ്ണോയിയാണ് ബാബാ സിദ്ദിഖിയെ കൊലപ്പെടുത്താൻ സീഷൻ അക്തറിനും ശുഭം ലോങ്കറിനും കരാർ നൽകിയത്. മഹാരാഷ്ട്ര മുൻ മന്ത്രിയായിരുന്ന സിദ്ദിഖി, 2024 ഒക്ടോബർ 12 ന് ബാന്ദ്രയിൽ വച്ച് വെടിയേറ്റാണ് കൊല്ലപ്പെട്ടത്. കേസുമായി ബന്ധപ്പെട്ട് 25പേരെ പോലീസ് അറസ്റ്റ് ചെയ്തു.

## ആസാമിൽ കാണാതായ യുവതിയുടെ മൃതദേഹം കണ്ടെടുത്തു; രണ്ടുപേർ കസ്റ്റഡിയിൽ

ഗോഹട്ടി: ആസാമിൽ കാണാതായ യുവതിയുടെ മൃതദേഹം കണ്ടെടുത്തു. ദിമാ ഹസാവോ ജില്ലയിലെ ഹോജൈ ഗ്രാമത്തിൽ താമസിക്കുന്ന 26 കാരിയായ റോസ്മിത ഹോജൈയുടെ മൃതദേഹം ഉത്തരാഖണ്ഡിലെ പൗരി ഗർവാൾ ജില്ലയിലെ ഒരു നദിയുടെ തീരത്ത് നിന്നാണ് കണ്ടെടുത്തത്.

ജൂൺ അഞ്ച് മുതൽ റോസ്മിതയെ കാണാതായിരുന്നുവെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു. ഹരിയാനയിൽ എഞ്ചിനീയറിംഗ് വിദ്യാർഥിനിയായിരുന്ന റോസ്മിത ഗോഹട്ടിയിൽ ആസാം പബ്ലിക് സർവീസ് കമ്മീഷൻ (എപിഎസ്സി) പരീക്ഷയ്ക്ക് തയാറെടുക്കുകയായിരുന്നു.

അടുത്തിടെ റെയിൽവേ റിക്രൂട്ട്മെൻറ് ബോർഡ് (ആർആർബി) പരീക്ഷ എഴുതാൻ ഡൽഹിയിലേക്ക് പോകാൻ ഇവർ പദ്ധതിയിട്ടിരുന്നു. ജൂൺ നാലിന് ഡൽഹിയിലേക്ക് പോകാനുള്ള തന്റെ തീരുമാനത്തെക്കുറിച്ച് റോസ്മിത ബന്ധുക്കളെ അറിയിച്ചിരുന്നു.

എന്നാൽ, പിറ്റേന്ന് വൈകുന്നേരം ഫോൺ വിളിച്ച് താൻ ട്രെയിനിൽ മടങ്ങുകയാണെന്ന് റോസ്മിത അമ്മയോടു പറഞ്ഞു. തുടർന്നാണ് ഇവരെ കാണാതായത്.

മൃതദേഹം കണ്ടെടുത്തതിനെത്തുടർന്ന്, ലോക്കൽ പോലീസ് അന്വേഷണം ആരംഭിക്കുകയും രണ്ട് പേരെ കസ്റ്റഡിയിലെടുക്കുകയും ചെയ്തു. ഡൽഹിയിലെ മൊഹീന്ദർഗഡിൽ നിന്നുള്ള ഹേമന്ത് ശർമ, ഹരിയാനയിലെ റോഹ്തക്കിൽ നിന്നുള്ള പങ്കജ് കോക്കർ എന്നിവരെയാണ് പിടികൂടിയത്.

മൃതദേഹം പോസ്റ്റുമോർട്ടത്തിന് അയച്ചു. പോലീസ് കൂടുതൽ അന്വേഷണം നടത്തിവരികയാണ്.

## അവധി കഴിഞ്ഞ് ജോലിസ്ഥലത്തേക്ക് മടങ്ങിയ ജവാനെ അടിച്ചുകൊലപ്പെടുത്തി

ജയ്പുർ: രാജസ്ഥാനിൽ ജവാനെ യുവാക്കൾ അടിച്ചുകൊലപ്പെടുത്തി. ജുൻജുനു ജില്ലയിലെ സൂരജ്ഗഡ് പോലീസ് സ്റ്റേഷൻ പരിധിയിലുള്ള പലോട്ട കാ ബാസ് ഗ്രാമത്തിൽ ഹവിൽദാർ വിക്രം സിംഗ്(40) ആണ് മരിച്ചത്.

അവധിക്ക് നാട്ടിലെത്തിയ വിക്രം സിംഗ് ഡ്യൂട്ടിയിൽ ചേരാൻ വീട്ടിൽ നിന്ന് പോകുന്നതിനിടെയാണ് സംഭവം. 18 രാജ് റൈഫിൾസിൽ സേവനമനുഷ്ഠിക്കുന്ന വിക്രം, പഞ്ചാബിലെ അബോഹറിൽ ആണ് ജോലി ചെയ്തിരുന്നത്. അവധി ലഭിച്ച അദ്ദേഹം ജൂൺ ഏഴിനാണ് ഗ്രാമത്തിലെത്തിയത്. അവധി കഴിഞ്ഞ് പഞ്ചാബിലേക്ക് മടങ്ങാൻ ചൊവ്വാഴ്ച രാത്രി വീട്ടിൽ നിന്നിറങ്ങിയ വിക്രമിനെ കാറിലെത്തിയ രണ്ടുപേർ തടഞ്ഞു. പ്രതികൾ വിക്രമിനെ ബലമായി കാറിൽ കയറ്റി ഒരു വീട്ടിലേക്ക് കൊണ്ടുപോയി ക്രൂരമായി ആക്രമിച്ചു. പിന്നീട്, അവർ വിക്രമിനെ ഗുരുതരാവസ്ഥയിൽ വീടിന് പുറത്ത് ഉപേക്ഷിച്ചു. വിവരം ലഭിച്ചയുടനെ വിക്രമിന്റെ കുടുംബം സ്ഥലത്തെത്തി അദ്ദേഹത്തെ ആശുപത്രിയിലേക്ക് കൊണ്ടുപോയി. എന്നാൽ അവിടെയെത്തിയെങ്കിലും വിക്രം മരിച്ചിരുന്നു. കുടുംബത്തിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ കൊലപാതകക്കുറ്റം ചുമത്തി കേസെടുത്തതായി സ്റ്റേഷൻ ഓഫീസർ ഹേംരാജ് മീണ സ്ഥിരീകരിച്ചു. സംഭവത്തിൽ രണ്ട് യുവാക്കളെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തുവരികയാണെന്നും അദ്ദേഹം

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഹമാസ് തീവ്രവാദികളെ പിന്തുണക്കുന്നവരുടെ വോട്ട് വേണ്ട: വി. മുരളീധരൻ

നിലന്പൂർ: ഹമാസ് തീവ്രവാദികളെ പിന്തുണക്കുന്നവരുടെ വോട്ട് വേണ്ടെന്ന് മുൻ കേന്ദ്രമന്ത്രി വി. മുരളീധരൻ. നിലന്പൂരിൽ വാർത്താ സമ്മേളനത്തിലാണ് ബിജെപിയുടെയും എൻഡിഎയുടെയും നിലപാട് മുരളീധരൻ വ്യക്തമാക്കിയത്.

കേരളത്തിന്റെ വികസനത്തിനും നിലന്പൂരിന്റെ വികസനത്തിനുമാണ് എൻഡിഎ സ്ഥാനാർഥി വോട്ട് തേടുന്നത്. രാഷ്ട്രീയ നേട്ടത്തിന് മതരാഷ്ട്രവാദികളായ പാർട്ടികളുടെ പിന്തുണ നേടുന്നതിൽ മത്സരിക്കുകയാണ് ഇടത്, വലതു മുന്നണികൾ.മത രാഷ്ട്രവാദികളായ ജമാഅത്തെ ഇസ്‌ലാമിയുടെ പിന്തുണ യുഡിഎഫും പിഡിപിയുടെ പിന്തുണ എൽഡിഎഫും നേടിക്കഴിഞ്ഞു. മുൻ നിലപാടുകളിൽ നിന്ന് ഈ പാർട്ടികൾ നാല് വോട്ടിനായി നിലപാടിൽ വെള്ളം ചേർത്തിരിക്കുകയാണ്.

ജനകീയ പ്രശ്നങ്ങളും ഈ തെരഞ്ഞെടുപ്പിന് കാരണമായ കാതലായ വിഷയങ്ങളും മാറ്റിവച്ച് വർഗീയ, മത രാഷ്ട്രീയത്തെ കൂട്ടുപിടിക്കുകയാണ് ഇരുമുന്നണികളും. അബ്ദുൾനാസർ മഅദനിയെ മുന്പ് ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്നപ്പോൾ അറസ്റ്റ് ചെയ്ത് ജയിലിലേക്ക് അയച്ച നിലപാടിൽ മാറ്റം വന്നോ എന്നും മുഖ്യമന്ത്രി പിണറായി വിജയൻ മുന്പ് മഅദനിയുമായി വേദി പങ്കിട്ടതിനെ സിപിഎം കേന്ദ്ര കമ്മിറ്റി തെറ്റായ പ്രവണതയെന്ന് കണ്ടെത്തിയിരുന്നു. ഈ നിലപാടിൽ നിന്ന് സിപിഎം മാറിയോ എന്നും മുരളീധരൻ ചോദിച്ചു.

സിപിഎം-പിഡിപി ബന്ധത്തെ ന്യായീകരിക്കുന്നതിന് വേണ്ടിയാണ് പുതിയ വിവാദം. ജമാഅത്തെ ഇസ്‌ലാമി ടാറ്റാ കന്പനിയെ തള്ളിപറഞ്ഞ നിലപാടിനോടും ഇസ്രായലിനെ പിന്തുണക്കുന്ന സ്ഥാപനങ്ങളെ ബഹിഷ്കരിക്കണമെന്ന നിലപാടിനോടും യോജിപ്പുണ്ടോ എന്നും മുരളീധരൻ ചോദിച്ചു. ഇടത് വലതു മുന്നണികളുടെ വർഗീയ കൂട്ടുക്കെട്ടുകൾക്കതിരേ കത്തോലിക്ക കോൺഗ്രസ് ഇറക്കിയ സർക്കുലർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് മുരളീധരൻ പറഞ്ഞു. ഇന്ത്യ, പലസ്തീന് എതിരാണെന്ന് പറയുന്നവരെ അത് തെളിയിക്കാൻ വെല്ലുവിളിക്കുകയാണെന്നും വി. മുരളീധരൻ കൂട്ടിച്ചേർത്തു.



കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന ജനറൽബോഡി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

# എന്തിന് ജനങ്ങളുടെ പണം ചെലവഴിക്കണം കപ്പൽ കമ്പനിയിൽ നിന്ന് ഈടാക്കണമെന്ന് ഹൈക്കോടതി

കൊച്ചി: കേരള തീരത്തുണ്ടായ രണ്ട് കപ്പൽ അപകടങ്ങളിൽ പഴുതടച്ച നടപടികൾ സ്വീകരിക്കാൻ സംസ്ഥാന സർക്കാരിന് നിർദേശം നല്കി ഹൈക്കോടതി. സർക്കാരിന് കപ്പൽ കമ്പനികൾക്കെതിരേ ക്രിമിനൽ, സിവിൽ നടപടികൾ സ്വീകരിക്കാം. അതിൽ ഒരു പഴുതും ഉണ്ടാവരുതെന്നും വീഴ്ച വരുത്തിയവരുണ്ടെങ്കിൽ ആരും രക്ഷപെടരുതെന്നും കോടതി ഉത്തരവിട്ടു. സർക്കാർ ചെലവാകുന്ന മുഴുവൻ തുകയും കപ്പൽ കമ്പനിയിൽ നിന്ന് ഈടാക്കണമെന്നും കോടതി നിർദേശിച്ചു. കേരള തീരത്ത് കപ്പൽ മുങ്ങിയതുമായി ബന്ധപ്പെട്ട കേസുകൾ പരിഗണിക്കവേയാണ് ഹൈക്കോടതി നിർദേശം. പുറംകടലിൽ കഴിഞ്ഞ ദിവസം കത്തിയ വാൻഹായ് കപ്പൽ അപകടം കൂടി കേസിന്റെ ഭാഗമാക്കാനും ചീഫ് ജസ്റ്റീസ് അധ്യക്ഷനായ ബെഞ്ച് നിർദേശം നൽകി.

കപ്പൽ അപകടങ്ങളിൽ എന്തിനാണ് പൊതുജനങ്ങളുടെ പണം ചെലവഴിക്കുന്നതെന്ന് സർക്കാരിനോട് കോടതി ചോദിച്ചു. ഇതുവരെ എത്ര തുക കപ്പൽ അപകടവുമായി ബന്ധപ്പെട്ട് ചെലവഴിച്ചിട്ടുണ്ട് ഇത് ജനങ്ങളുടെ നികുതിപ്പണമാണ്. കപ്പൽ കമ്പനിക്ക് ഇക്കാര്യത്തിൽ ക്ലെയിം ഉള്ളതാണ്. അതിനാൽ സംസ്ഥാന സർക്കാരിന് ഏതൊക്കെ കാര്യത്തിൽ നഷ്ടപരിഹാരം ആവശ്യപ്പെടാം എന്നത് അറിയിക്കാൻ കോടതി നിർദേശിച്ചു. നമ്മുടെ മത്സ്യമേഖലയ്ക്കും, സമ്പദ്മേഖലയ്ക്കും അടക്കം ഉണ്ടാകുന്ന നഷ്ടം കപ്പൽ കമ്പനിയിൽ നിന്നും ഈടാക്കാവുന്നതാണെന്നും കോടതി നിരീക്ഷിച്ചു. കേസെടുക്കാനുള്ള സംസ്ഥാന സർക്കാരിന്റെ അവകാശ പ്രകാരം കൊച്ചി കപ്പൽ അപകടത്തിൽ കേസെടുത്തിട്ടുണ്ടെന്ന് അഡ്വക്കേറ്റ് ജനറൽ കോടതിയെ അറിയിച്ചു. കൊച്ചിയിലെ അപകടത്തിൽ എണ്ണച്ചോർച്ചയാണ് പ്രശ്നം. കണ്ണൂർ അഴീക്കൽ കപ്പൽ അപകടത്തിൽ അപകടകരമായ കെമിക്കൽ മെറ്റീയലുകളുണ്ടായിരുന്നുവെന്നും എജി അറിയിച്ചു. കേസിൽ സിവിലായും ക്രിമിനലായും നടപടികളുമായി മുന്നോട്ടുപോകുന്നതിൽ എന്താണ് തടസമെന്ന് ഹൈക്കോടതി സർക്കാരിനോട് ചോദിച്ചു. പരാതി കിട്ടിയ പശ്ചാത്തലത്തിലാണ് സംസ്ഥാന സർക്കാർ കേസെടുത്തതെന്നു സർക്കാർ ചൂണ്ടിക്കാട്ടി.

തുടർന്ന് നടപടികളിൽ കാലതാമസം പാടില്ലെന്ന നിർദേശത്തോടെ കേസ് പരിഗണിക്കുന്നത് ഈ മാസം 19 ലേക്ക് മാറ്റി. ഇതിനു മുമ്പായി സ്വീകരിച്ച നടപടികൾ അടക്കം റിപ്പോർട്ട് സമർപ്പിക്കാനും ഹൈക്കോടതി നിർദേശിച്ചിട്ടുണ്ട്.

# തൃശൂരിലെ ഇരട്ടക്കൊലപാതകം; പ്രതി കേദാർനാഥിൽ മരിച്ച നിലയിൽ

തൃശൂർ: പടിയൂരിലെ ഇരട്ടക്കൊലപാതക കേസിലെ പ്രതി പ്രേംകുമാറിനെ മരിച്ച നിലയിൽ കണ്ടെത്തി. ഉത്തരാഖണ്ഡിലെ കേദാർനാഥിലുള്ള വിശ്രമകേന്ദ്രത്തിലാണ് മൃതദേഹം കണ്ടെത്തിയത്.

പ്രതി ഒളിവിൽ പോയതോടെ പോലീസ് ഇയാളുടെ ലുക്ക്ഔട്ട് നോട്ടീസ് പുറത്തിറക്കിയിരുന്നു. ഇതിന്റെ ഉത്തരാഖണ്ഡ് പോലീസ് ഇയാളെ തിരിച്ചറിഞ്ഞത്. ഇരിങ്ങാലക്കുട ഡിവൈഎസ്പിയുടെ നേതൃത്വത്തിലുള്ള സംഘം ഇവിടേക്ക് തിരിച്ചിട്ടുണ്ട്.

കഴിഞ്ഞ ജൂൺ രണ്ടിനാണ് കാറളം വെള്ളാനി കൈതവളപ്പിൽ പരേതനായ പരമേശ്വരന്റെ ഭാര്യ മണി (74), മകൾ രേഖ (43) എന്നിവർ കൊല്ലപ്പെട്ടത്. രേഖയുടെ രണ്ടാംഭർത്താവാണ് കോട്ടയം സ്വദേശി പ്രേംകുമാർ.കാമുകിക്കൊപ്പം ജീവിക്കാൻ ആദ്യ ഭാര്യയെ കൊലപ്പെടുത്തിയയാളാണ് പ്രേംകുമാർ. ഈ കേസിൽ ജാമ്യത്തിലിറങ്ങിയശേഷമാണു രേഖയ്ക്കൊപ്പം താമസമാക്കിയത്. 2019 സെപ്റ്റംബർ 20 നായിരുന്നു പ്രേംകുമാർ ആദ്യ ഭാര്യ ചേർത്തല കഞ്ഞിക്കുഴി പുതിയാപറമ്പ് വിദ്യയെ(48) കൊലപ്പെടുത്തിയത്.

സ്കൂളിലെ പൂർവ വിദ്യാർഥി സംഗമത്തിനിടെ പരിചയത്തിലായ ഹൈദരാബാദിൽ ജോലി ചെയ്തിരുന്ന സഹപാഠി തിരുവനന്തപുരം വെള്ളറട അഞ്ചുമരംകാല വാലൻവിള സുനിത ബേബി (39)യുമായി ഇയാൾ പ്രണയത്തിലാകുകയും പിന്നീട് ഇവരെ വിവാഹം കഴിക്കാൻ വിദ്യയെ കൊന്ന് മൃതദേഹം തിരുനെൽവേലിയിലെ കുറ്റിക്കാട്ടിൽ തള്ളുകയുമായിരുന്നു.

# പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി തരൂർ

ന്യൂഡൽഹി: കോൺഗ്രസ് പ്രവർത്തകസമിതിയംഗവും എംപിയുമായ ശശി തരൂർ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തി. തരൂരിനെ മോദി വിളിപ്പിക്കുകയായിരുന്നെന്നാണ് വിവരം. ജി -7 ഉച്ചകോടിക്കു പ്രധാനമന്ത്രി പോകുന്ന സാഹചര്യത്തിലായിരുന്നു പ്രത്യേക കൂടിക്കാഴ്ച.

ഓപ്പറേഷൻ സിന്ദൂർ വിശദീകരിക്കാൻ അമേരിക്ക അടക്കം അഞ്ച് രാജ്യങ്ങളിലേക്ക് പോയ സർവകക്ഷി സംഘത്തെ ശശി തരൂരാണ് നയിച്ചിരുന്നത്. വിദേശരാജ്യങ്ങളിലേക്ക് പോയ സർവകക്ഷി സംഘങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി വിരുന്ന് നൽകിയിരുന്നു. ഈ വിരുന്നിനിടെ തരൂർ ഒരു റിപ്പോർട്ട് പ്രധാനമന്ത്രിക്ക് കൈമാറിയിരുന്നു.

ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൂടുതൽ കാര്യങ്ങൾ ചോദിച്ചറിയാൻ വേണ്ടിയാണ് തരൂരിനെ പ്രധാനമന്ത്രി വിളിപ്പിച്ചതെന്നാണ് ഉന്നത സർക്കാർ വൃത്തങ്ങൾ അറിയിക്കുന്നത്. അതേസമയം വിദേശരാജ്യങ്ങളുമായുള്ള ആശയവിനിമയവുമായി ബന്ധപ്പെട്ട് തരൂരിന് കേന്ദ്രസർക്കാർ പ്രത്യേക പദവി നൽകിയേക്കുമെന്ന അഭ്യൂഹങ്ങൾ ശക്തമാണ്. വിദേശപര്യടനം കഴിഞ്ഞ് തിരിച്ചെത്തിയ തരൂരുമായി കൂടിക്കാഴ്ച നടത്താൻ കോൺഗ്രസ് നേതൃത്വം തയാറായില്ലെന്ന റിപ്പോർട്ടുകൾക്കിടെയാണ് മോദിയുമായുള്ള കൂടിക്കാഴ്ചയെന്നതും ശ്രദ്ധേയമാണ്.

# വയനാട്ടിൽ ബസുകൾ കൂട്ടിയിടിച്ച് അപകടം; 85 പേർക്ക് പരിക്ക്

വയനാട്: കാട്ടിക്കുളത്ത് സ്വകാര്യ ബസും ടൂറിസ്റ്റ് ബസും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ 85 പേർക്ക് പരിക്ക്. ആരുടെയും പരിക്ക് ഗുരുതരമല്ല. ഇവരിൽ 30ഓളം പേരെ മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് മാറ്റി. 12 പേർ കാട്ടിക്കുളത്തെ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ചികിത്സയിലാണ്. മറ്റുള്ളവരുടെ പരിക്ക് സാരമുള്ളതല്ല.

# ഹൈസ്കൂൾ പഠനസമയ പരിഷ്കരണം: മന്ത്രി ശിവൻകുട്ടി മുഖ്യമന്ത്രിയെ കാണും

തിരുവനന്തപുരം: സംസ്ഥാനത്തെ ഹൈസ്കൂൾ വിദ്യാർഥികളുടെ പഠന സമയം നീട്ടാനുള്ള നീക്കത്തിനെതിരെ എതിർപ്പ് ശക്തമായ സാഹചര്യത്തിൽ വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി മുഖ്യമന്ത്രി പിണറായി വിജയനുമായി കൂടിക്കാഴ്ച നടത്തും.

തീരുമാനത്തിൽ കടുംപിടുത്തമില്ലെന്ന് മന്ത്രി വിശദീകരിച്ചിരുന്നു. അരമണിക്കൂർ കൂടുതൽ പഠിപ്പിച്ചാൽ എന്താണ് പ്രശ്നം സമയം കൂടുതൽ വേണ്ട ഒരു കാലഘട്ടമാണ്. സർക്കാരിനെ സംബന്ധിച്ച് കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം ലഭ്യമാക്കണമെന്നാണ് ആഗ്രഹിക്കുന്നതെന്നും ഏതെങ്കിലും വിഭാഗം അനുഭവിക്കുന്ന ആനുകുല്യത്തെ ഇല്ലാതാക്കാൻ ശ്രമിച്ചിട്ടില്ലെന്നും മന്ത്രി വ്യക്തമാക്കി.

ചില വിഭാഗങ്ങൾ എതിർപ്പ് ഉന്നയിച്ചു. അക്കാര്യം മുഖ്യമന്ത്രിയോട് പറഞ്ഞു. പ്രശ്നം ആവശ്യമില്ലാതെ വഷളാക്കിയിരിക്കുകയാണ്. സർക്കാരിന് പിടിവാശിയില്ല. മുഖ്യമന്ത്രിയോട് ആലോചിച്ച ശേഷം പരാതിക്കാരുമായി സംസാരിക്കാൻ തയാറാണെന്നും വിദ്യാഭ്യാസമന്ത്രി വിശദീകരിച്ചു.

ഹൈസ്കൂളുകളുടെ പ്രവർത്തന സമയം രാവിലെ 9.45 മുതൽ വൈകുന്നേരം 4.15 വരെ ആക്കി ബുധനാഴ്ച ഉത്തരവിറക്കിയിരുന്നു. രാവിലെയും ഉച്ചയ്ക്ക് ശേഷവും 15 മിനിറ്റുകൾ വീതമാണ് കൂട്ടിയത്.

സ്കൂൾ സമയമാറ്റത്തിൽ വിമർശനവുമായി സമസ്ത അധ്യക്ഷൻ ജിഫ്രി മുത്തുകോയ തങ്ങൾ രംഗത്തെത്തിയിരുന്നു. സ്കൂൾ സമയമാറ്റം മതപഠനം നടത്തുന്ന കുട്ടികളെ ബാധിക്കുമെന്നും ബുദ്ധിമുട്ട് മനസിലാക്കിയുള്ള മാറ്റം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും ജിഫ്രി തങ്ങൾ പറഞ്ഞു.

# സിപിഎം പ്രവർത്തകരെ കുത്തിപ്പരിക്കേൽപ്പിച്ച കേസ്; മൂന്ന് പേർ അറസ്റ്റിൽ

കോഴിക്കോട്: വടകര പുതുപ്പണത്ത് സിപിഎം പ്രവർത്തകരെ കുത്തിപരിക്കേൽപ്പിച്ച കേസിൽ മൂന്ന് പേരെ വടകര പോലീസ് അറസ്റ്റ് ചെയ്തു. പുതുപ്പണം കുന്താപുറത്ത് അജേഷ് (35), റിജേഷ് (32), വള്ളുപറമ്പത്ത് രബിത്ത്(36) എന്നിവരെയാണ് അറസ്റ്റ് ചെയ്തത്. പുതുപ്പണം വെളുത്തമല വായനശാലയ്ക്ക് മുന്നിൽ കഴിഞ്ഞ ശനിയാഴ്ചയായിരുന്നു സംഭവം. വായനശാലയുടെ മേൽക്കൂരയുടെ ഷീറ്റ് മാറ്റുന്നതുമായി ബന്ധപ്പെട്ട തർക്കമാണ് കത്തിക്കുത്തിൽ കലാശിച്ചത്. സംഭവത്തിൽ സിപിഎം പുതുപ്പണം സൗത്ത് ലോക്കൽ കമ്മിറ്റി അംഗവും വടകര നഗരസഭ കൗൺസിലറുമായ കെ. എം. ഹരിദാസൻ, സൗത്ത് ബ്രാഞ്ച് സെക്രട്ടറി പ്രവീൺ, പ്രവർത്തകനായ ബിബേഷ് എന്നിവർക്കാണ് കുത്തേറ്റത്.

# ബസ് സ്റ്റോപ്പിൽ വിദ്യാർഥിനിയെ ഇറക്കിയില്ല, സ്വകാര്യ ബസിനു പിഴ

കോഴിക്കോട്: വിദ്യാർഥിനിയെ ബസ് സ്റ്റോപ്പിൽ ഇറക്കാതിരുന്ന സ്വകാര്യ ബസിനു ട്രാഫിക് പോലീസ് പിഴ ചുമത്തി. താമരശേരി-നിലമ്പൂർ റൂട്ടിൽ സർവീസ് നടത്തുന്ന എ വൺ എന്ന ബസിനാണ് പിഴ ചുമത്തിയത്. ചൊവ്വാഴ്ച വൈകുന്നേരം 5.30 നായിരുന്നു സംഭവം. താമരശേരി പുതിയ ബസ് സ്റ്റാൻറിൽനിന്നും ചുങ്കം പഴശിരാജ സ്കൂൾ സ്റ്റോപ്പിൽ ഇറങ്ങാനായി ബസിൽ കയറിയ താമരശേരി ഗവണമെൻറ് ഹയർ സെക്കൻണ്ടറി സ്കൂളിലെ പ്ലസ്ടു വിദ്യാർഥിനിയെ ബസ് നിർത്താതെ രണ്ടു കിലോമീറ്റർ അകലെ കുടുക്കിൽ ഉമ്മരം സ്റ്റോപ്പിൽ ഇറക്കി വിടുകയായിരുന്നു. ഇവിടെ നിന്നും ആളൊയിഞ്ഞ പ്രദേശത്തുകൂടെ തിരികെ നടന്ന് വീട്ടിൽ എത്തിയ വിദ്യാർഥിനി ബന്ധുവിനൊപ്പം താമരശേരി പോലീസ് സ്റ്റേഷനിലെത്തി പരാതി നൽകുകയായിരുന്നു. പരാതിയെ തുടർന്ന് ബസിനു പിഴ ചുമത്തിയതായും ഡ്രൈവർക്ക് താക്കീത് നൽകിയതായും ട്രാഫിക് എസ്ഐ പറഞ്ഞു.

# കേരളതീരത്തെ ബാധിച്ചു, കപ്പൽ കമ്പനിക്ക് ഗുരുതര വീഴ്ച, 48 മണിക്കൂറിനുള്ളിൽ ഇന്ധനം നീക്കണം: അന്ത്യശാസനവുമായി കേന്ദ്രം

കൊച്ചി: കേരള തീരത്ത് അപകടത്തിൽപ്പെട്ട ലൈബീരിയൻ കപ്പലിന്റെ ഉടമസ്ഥരായ എംഎസ്സി കമ്പനിക്ക് നോട്ടീസയച്ച് കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം. 48 മണിക്കൂറിനുള്ളിൽ ഇന്ധനം നീക്കുന്നതിനുള്ള നടപടി തുടങ്ങണം. അല്ലാത്തപക്ഷം ഇന്ത്യൻ നിയമപ്രകാരം കർശന നടപടി സ്വീകരിക്കുമെന്നും നോട്ടീസിൽ മുന്നറിയിപ്പ് നല്കുന്നു.

ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും അവശിഷ്ടങ്ങൾ മാറ്റുന്ന നടപടിക്രമങ്ങളിൽ എംഎസ്സി കമ്പനി ഗുരുതര വീഴ്ച വരുത്തിയതായി കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം ചൂണ്ടിക്കാട്ടി. കപ്പൽ അപകടം ഇന്ത്യൻ തീരത്തെയും സമുദ്ര ആവാസവ്യവസ്ഥയെയും കടുത്ത ആഘാതത്തിലാക്കി. അപകടം കേരള തീരത്തെ ഇതിനകം ബാധിച്ചു. മത്സ്യത്തൊഴിലാളികൾക്ക് ജോലി നഷ്ടമായി. സാൽവേജ് നടപടിക്രമങ്ങൾ മേയ് 30 വരെ കമ്പനി വൈകിപ്പിച്ചെന്നും കേന്ദ്രം വ്യക്തമാക്കി.

അതേസമയം, കോഴിക്കോട് പുറംകടലിൽ കപ്പലിന് തീപിടിച്ച സംഭവത്തിൽ മതിയായ ഉപകരണങ്ങളും സംവിധാനങ്ങളും ഉടൻ എത്തിക്കണമെന്ന് വാൻ ഹായ് കമ്പനിക്കും കേന്ദ്രം നിർദേശം നൽകിയിട്ടുണ്ട്. സാൽവേജ് നടപടിക്രമങ്ങൾ വൈകിച്ചാൽ ക്രിമിനൽ നടപടിയുണ്ടാകുമെന്നും കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം അറിയിച്ചു.

# ഇടുക്കിയിൽ കാട്ടുപന്നിക്കൂട്ടത്തിന്റെ ആക്രമണം; യുവാവിന് പരിക്ക്

ഇടുക്കി: മൈലാടുംപാറയിൽ കാട്ടുപന്നിക്കൂട്ടത്തിന്റെ ആക്രമണത്തിൽ യുവാവിന് പരിക്ക്. മൈലാടുംപാറ സ്വദേശി അനൂപിനാണ് പരിക്കേറ്റത്. ചൊവ്വാഴ്ച രാത്രി എട്ടരയോടെ കുമളി-മൂന്നാർ സംസ്ഥാനപാതയിലാണ് സംഭവം. റോഡ് മുറിച്ച് കടന്ന കാട്ടുപന്നിക്കൂട്ടം അനൂപിന്റെ സ്കൂട്ടർ ഇടിച്ചുതെറുപ്പിക്കുകയായിരുന്നു.താഴെ വീണ അനൂപിന്റെ കൈയ്ക്കും കാലിനും പരിക്കുണ്ട്. ശബ്ദം കേട്ടെത്തിയ സമീപവാസികളാണ് ഇയാളെ ആശുപത്രിയിലെത്തിച്ചത്. എസി മെക്കാനിക്കായ അനൂപ് നെടുങ്കണ്ടത്തെ ജോലി കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുമ്പോഴാണ് അപകടം.

# മേശയുടെ ഗ്ലാസ് പൊട്ടി അപകടം; അഞ്ച് വയസുകാരൻ മരിച്ചു

കൊല്ലം: കുണ്ടറയിൽ മേശയുടെ ഗ്ലാസ് പൊട്ടി വീണതിനേ തുടർന്ന് പരിക്കേറ്റ് അഞ്ച് വയസുകാരൻ മരിച്ചു. കുണ്ടറ സ്വദേശികളായ സുനീഷ്-റൂബി ദമ്പതികളുടെ മകൻ എയ്ദൻ ആണ് മരിച്ചത്. മേശയുടെ ഗ്ലാസ് പൊട്ടി കുട്ടിയുടെ ദേഹത്തേക്ക് തുളച്ചുകയറുകയായിരുന്നു. അമ്മ കുളി കഴിഞ്ഞുവരുമ്പോൾ കുട്ടി രക്തം വാർന്ന് കിടക്കുന്നതായി കണ്ടെത്തുകയായിരുന്നു. ഉടനെ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മേശപ്പുറത്ത് കയറി കതകിന്റെ കുറ്റി തുറക്കാൻ കുട്ടി ശ്രമിച്ചതാകാം അപകടകാരണമെന്നാണ് നിഗമനം.

# തീപിടിച്ച കപ്പൽ നിയന്ത്രണത്തിൽ; തീയണയ്ക്കൽ അവസാന ഘട്ടത്തിലേക്ക്, പൗഡർ ബോംബുമായി വ്യോമസേന

കോഴിക്കോട്: ബേപ്പൂരിന് സമീപം പുറംകടലിൽ കത്തിയ ചരക്കുകപ്പൽ വാൻ ഹായ് 503 ലെ തീയണയ്ക്കാനുള്ള ശ്രമം അവസാന ഘട്ടത്തിലേക്ക് കടന്നു.

ഇന്ത്യൻ കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നാവികസേന, ഡയറക്ടറേറ്റ് ജനറൽ ഓഫ് ഷിപ്പിംഗ് (ഡിജിഎസ്), കപ്പൽ കമ്പനിയുടെ പ്രത്യേക ദൗത്യ സംഘം എന്നിവർ ചേർന്ന് തീയണയ്ക്കാനായി നടത്തുന്ന ശ്രമം ഇന്നു വൈകുന്നേരത്തോടെ ലക്ഷ്യത്തിലെത്തുമെന്നാണ് പ്രതീക്ഷ. ഇന്നു വൈകുന്നേരത്തോടെ തീ പൂർണമായും അണയ്ക്കും. തീ ഏകദേശം 40 ശതമാനം നിയന്ത്രണവിധേയമാക്കിയതായി ഇന്ത്യൻ കോസ്റ്റ് ഗാർഡും ഇന്ത്യൻ നേവിയും സിറ്റുവേഷൻ റിപ്പോർട്ടിൽ വ്യക്തമാക്കി. കോസ്റ്റ് ഗാർഡ് കപ്പലുകളായ സമുദ്രപ്രഹരി, സചേത് എന്നിവയിൽ നിന്ന് ശക്തമായി വെള്ളം പമ്പുചെയ്ത് കപ്പൽ തണുപ്പിക്കാനുള്ള ശ്രമം നടന്നിരുന്നു. മുൻഭാഗത്തെ തീ അൽപം നിയന്ത്രണ വിധേയമായി. കനത്ത പുകയുണ്ട്. കപ്പൽ ഏകദേശം 10 മുതൽ 15 ഡിഗ്രിവരെ ഇടത്തേക്കു ചെരിഞ്ഞാണ് നിൽക്കുന്നത്.

അതേസമയം, വ്യോമസേനയുടെ ഹെലികോപ്റ്റർ വഴി ഡ്രൈ കെമിക്കൽ പൗഡർ ബോംബ് ഉപയോഗിച്ചും തീ കെടുത്താനുള്ള ശ്രമം നടത്തുന്നുണ്ട്. ഇന്ധന ടാങ്കിനു സമീപത്തെ തീ അണയ്ക്കാനുള്ള ശ്രമമാണ് നടക്കുന്നത്.

കപ്പലിനെ നിയന്ത്രണത്തിൽ കൊണ്ടുവന്നതായി കോസ്റ്റ് ഗാർഡ് അറിയിച്ചു. കപ്പലിനെ വാട്ടർ ലില്ലി എന്ന ടഗ് ബോട്ടുമായി ബന്ധിപ്പിച്ചു. വടംകെട്ടി ഉൾക്കടലിലേക്ക് കൊണ്ടുപോകാനുള്ള ശ്രമം തുടങ്ങി. തീപിടിച്ച കപ്പലിൽ സാൽവേജ് സംഘം ഹെലികോപ്റ്ററിൽ ഇറങ്ങിയാണ് നിയന്ത്രണത്തിലാക്കിയത്.

ടഗ് ഉപയോഗിച്ച് കപ്പലിനെ പരമാവധി ദൂരത്തേക്ക് വലിച്ചുമാറ്റുകയാണ്. അതേസമയം കാണാതായ നാലു നാവികൾക്കായുള്ള തെരച്ചിൽ തുടരുകയാണ്.

# താമരശേരിയിൽ നിന്ന് കാണാതായ പതിനഞ്ചുകാരനെ എറണാകുളത്ത് നിന്ന് കണ്ടെത്തി

കോഴിക്കോട്: താമരശേരിയിൽ നിന്ന് കാണാതായ പതിനഞ്ചുകാരനെ എറണാകുളത്ത് നിന്ന് കണ്ടെത്തി. എറണാകുളം നോർത്ത് റെയിൽവേ സ്റ്റേഷനിൽ കുട്ടിയുണ്ടെന്ന് റെയിൽവേ പോലീസ് ബന്ധുക്കളെ അറിയിച്ചു കൊയിലാണ്ടി സ്വദേശി ജാസിറിന്റെ മകനായ മുഹമ്മദ് ഷിഹാബിനെക്കുറിച്ച് ചൊവ്വാഴ്ച മുതൽ വിവരങ്ങളുണ്ടായിരുന്നില്ല. വീട്ടിൽ നിന്നും പുതുപ്പാടിയിലെ ദറസിലേക്ക് പോയതായിരുന്നു കുട്ടി. പിന്നീട് കുട്ടിയെക്കുറിച്ച് വിവരങ്ങളൊന്നും ലഭിക്കാത്ത സാഹചര്യത്തിലാണ് വീട്ടുകാർ പോലീസിൽ വിവരമറിയിച്ചത്. കുട്ടിയെക്കുറിച്ച് വിവരം ലഭിച്ചതിനെ തുടർന്ന് വീട്ടുകാർ എറണാകുളത്തേക്ക് പുറപ്പെട്ടു.

# പാലത്തറയിൽ ദേശീയപാതയിലെ സർവീസ് റോഡ് തകർന്ന സംഭവം; ജില്ലാ കളക്ടർ റിപ്പോർട്ട് തേടി

കൊല്ലം: ദേശീയപാത നിർമാണം നടക്കുന്ന പാലത്തറയിൽ സർവീസ് റോഡ് തകർന്ന സംഭവത്തിൽ ജില്ലാ കളക്ടർ റിപ്പോർട്ട് തേടി. ദേശീയപാതാ ഭൂമി ഏറ്റെടുക്കലിന്റെ ചുമതലയുള്ള ഡെപ്യൂട്ടി കളക്ടറോടാണ് റിപ്പോർട്ട് തേടിയത്. ഇത് സംബന്ധിച്ച റിപ്പോർട്ട് ഇന്ന് കളക്ടർക്ക് കൈമാറും. ഓടയുടെയും സർവീസ് റോഡിന്റെയും അറ്റകുറ്റപ്പണികൾ അടിയന്തരമായി പൂർത്തിയാക്കാൻ ദേശീയ പാതാ അഥോറിറ്റിയോടും കരാർ കന്പനിയായ ശിവാലയ കൺസ്ട്രക്ഷനോടും കളക്ടർ നിർദേശിച്ചു. ബുധനാഴ്ച ഉച്ചയോടെയാണ് ദേശീയപാത നിർമാണം നടക്കുന്ന കൊല്ലം പാലത്തറ ജംഗ്ഷനിൽ സർവീസ് റോഡ് ഇടിഞ്ഞുതാഴ്ന്നത്. എൻഎസ് സഹകരണ ആശുപത്രി ജംഗ്ഷനിലാണ് കൊല്ലം ബൈപ്പാസിലെ സർവീസ് റോഡ് ഓട നിർമാണത്തിനിടെ ഇടിഞ്ഞുതാഴ്ന്നത്. റോഡിന്റെ 30 മീറ്റർ നീളത്തിൽ രണ്ട് മീറ്റർ വീതിയിൽ മണ്ണിടിഞ്ഞിരുന്നു. അപകടാവസ്ഥ നേരത്തേ ചൂണ്ടിക്കാണിച്ചിട്ടും അധികൃതർ അവഗണിച്ചെന്ന് സംഭവത്തിന് പിന്നാലെ നാട്ടുകാർ പരാതി ഉന്നയിച്ചിരുന്നു.